# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP7/365 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP7/365 /2023 തീയ്യതി: 25/03/2023

## തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 20-02-2023 | 27-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 27-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീമതി വിർജിൻ ഷീജ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സുനിതാബാബു.ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി യു. ലേഖാറാണി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജയന്തി .എസ് | സെക്രട്ടറി | 01-04-2021 | 31-01-2022 |
| ശ്രീ. രാജുമോഹൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2022 | 17-02-2022 |
| ശ്രീ. ലാൽസിംഗ് | സെക്രട്ടറി | 18-02-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അജിത് കുമാർ .എ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 24-12-2021 |
| ശ്രീമതി ദീപ .ഡി.ഒ | ജൂനിയർ സൂപ്രണ്ട് (അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ്) | 25-12-2021 | 02-01-2022 |
| ശ്രീ. രാജുമോഹൻ .ജി | അസിസ്റ്റന്റ് സെക്രട്ടറി | 03-01-2022 | 31-03-2022 |
| ശ്രീ. സജു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി മേരി മിനി ഏഞ്ചൽ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി രശ്മി മോഹൻ | വി.ഇ.ഒ. (സർക്കിൾ 1) | 01-04-2021 | 13-08-2021 |
| ശ്രീ. ഉണ്ണികൃഷ്ണൻ .എസ് | വി.ഇ.ഒ. (സർക്കിൾ 1) | 14-08-2021 | 13-12-2021 |
| ശ്രീമതി ദീപ്തി .എസ് | വി.ഇ.ഒ. (സർക്കിൾ 1) | 14-12-2021 | 31-03-2022 |
| ശ്രീ. ഉണ്ണികൃഷ്ണൻ .എസ് | വി.ഇ.ഒ. (സർക്കിൾ 2) | 01-04-2021 | 13-02-2022 |
| ശ്രീ. ദീജു .എസ്.എസ് | വി.ഇ.ഒ. (സർക്കിൾ 2) | 14-02-2022 | 31-03-2022 |
| ശ്രീമതി ലീന തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി ജാസ്മിൻ .എസ്.എം | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| കുമാരി .ആർ.എൽ. ജലജ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി നയനതാര | ഐ.സി.ഡി.എസ്. ഡി.ഇ.ഒ. | 01-04-2021 | 31-03-2022 |
| കുമാരി ശ്രീദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 01-07-2021 |
| ശ്രീ. അനിയൻ .എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-07-2021 | 31-03-2022 |
| ശ്രീമതി സോഫിയ | ഫിഷറീസ് | 01-04-2021 | 31-12-2021 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |
| ശ്രീമതി ധന്യ | ഫിഷറീസ് ഇൻസ്പെക്ടർ | 01-01-2022 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പദ്ധതികൾ | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി. | 1-5-1 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | രസീതു ബുക്കുകളുടെ പരിപാലനം - അപാകതകൾ | 1-10 |
| 12 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 1-11 |
| 13 | ലൈസൻസ് നൽകൽ -അപാകതകൾ | 1-11-1 |
| 14 | ഓഡിറ്റോറിയം/കല്ല്യാണമണ്ഡപം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-11-2 |
| 15 | വളർത്തു നായകളുടെ ലൈസൻസ് - നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. | 1-11-3 |
| 16 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-11-4 |
| 17 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-11-5 |
| 18 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-11-6 |
| 19 | തൊഴിൽ നികുതി കുറവായി ഈടാക്കുന്നു. | 1-12 |
| 20 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12-1 |
| 21 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12-2 |
| 22 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12-3 |
| 23 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12-4 |
| 24 | ഡവലപ്മെന്റ് പെർമിറ്റ് - അപാകതകൾ | 1-13 |
| 25 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും-അപാകതകൾ | 1-14 |
| 26 | 60 M2 കൂടുതൽ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല | 1-14-1 |
| 27 | അപേക്ഷ സമർപ്പിക്കാതെ വിമുക്ത ഭടന്മാർക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നു | 1-14-2 |

| | | |
|---|---|---|
| 28 | ഡിമാന്റ് ചെയ്യാതെ നികുതി പിരിച്ചെടുക്കുന്നു | 1-14-3 |
| 29 | കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല. | 1-14-4 |
| 30 | മാർക്കറ്റ് ലേലം കാര്യക്ഷമമായി നടത്തുന്നില്ല - വരുമാന നഷ്ടം | 1-15 |
| 31 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"- എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-16 |
| 32 | എം.സി.എഫ് നിർമ്മിക്കുന്നതിന് വസ്തു വാങ്ങിയത് - റോഡ് സൗകര്യം ലഭ്യമല്ല | 1-17 |
| 33 | പ്രവർത്തന രഹിത ഇലക്ട്രോണിക് ഉപകരണങ്ങൾ - നിർമാർജനം ചെയ്തിട്ടില്ല. | 1-18 |
| 34 | എഫ്.എച്ച്.സി വാഹനവാടക നൽകിയതിലെ അപാകതകൾ | 1-19 |
| 35 | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.3392681/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 36 | കെ,എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 22,52,451/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു | 1-20-1 |
| 37 | സെക്രട്ടറി നിർവഹിച്ച പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 82,63,293/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു | 1-20-2 |
| 38 | പി.എച്ച്.സി കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ - ടെണ്ടർ കിഴിവ് ചെയ്തതിലെ അപാകത | 1-21 |
| 39 | ആസ്തിപരിപാലനം - തുടർ നടപടികൾ അനിവാര്യം | 1-22 |
| 40 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക്/ട്രഷറി അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല – അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-23 |
| 41 | പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല. | 1-24 |
| 42 | എസ് സി കുട്ടികൾക്ക് പഠനമുറി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 43 | തൊഴിൽരഹിതവേതന വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-26 |
| 44 | സ്പിൽ ഓവർ പദ്ധതികൾ അതത് വർഷം പൂർത്തിയാക്കുന്നില്ല. | 1-27 |
| 45 | ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ അവലോകനം | 1-28 |
| 46 | മത്സ്യകൃഷിക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നില്ല | 1-29 |
| 47 | കാലിത്തീറ്റ സബ്സിഡി അപേക്ഷകൾ പൂർണ്ണമല്ല. | 1-30 |
| 48 | ഹരിത കർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 1-31 |
| 49 | സംസ്ഥാനവിഹിതം ചെലവഴിച്ചിട്ടില്ല. | 1-32 |
| 50 | ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട വ്യക്തികൾക്ക് ഒന്നിലധികം പദ്ധതികളിൽ | 1-33 |

| | | |
|---|---|---|
| | സബ്സിഡി ആനുകൂല്യം നല്കി | |
| 51 | ഫിഷറീസ് സബ് ഇൻസ്പെക്ടർ- പദ്ധതികളിലെ അപാകതകൾ | 1-34 |
| 52 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം | 1-35 |
| 53 | ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പി.എച്ച്.സി കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ - ടെണ്ടർ കിഴിവ് ചെയ്യുതിൽ കുറവ് 28,562/- രൂപ നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ /വായ്പാതരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 22/02/2021-ലെ സാധാരണയോഗത്തിലെ (1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

(1) ബജറ്റ് രൂപീകരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

(2) പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല:-02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

3. പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

(3) ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 27423868 |
| വരവ് | 309455500 |
| ആകെ | 336879368 |
| ചെലവ് | 331477624 |
| നീക്കിയിരിപ്പ് | 5401744 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

(4) 2021-22 ബജറ്റ്, പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. അടുത്ത വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്,

തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന, പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ലായെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിൽ അധികമായും ചെലവ്വ ചെയ്തിട്ടുണ്ട്.

വിശദീകരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501002 | Agricultural And Related Sectors Other Crops-General | 1199000 | വകയിരുത്തിയിട്ടില്ല |
| 2 | 2501003 | Agricultural Development Programs | 71079 | വകയിരുത്തിയിട്ടില്ല |
| 3 | 2501039 | Animal Husbandry -Infrastructure | 400000 | വകയിരുത്തിയിട്ടില്ല |
| 4 | 2501046 | Diary Development –Storage And Marketing | 1343657 | 1000000 |
| 5 | 2501048 | Diay Development Infrastructure | 1155388 | വകയിരുത്തിയിട്ടില്ല |
| 6 | 2501052 | Inland Pisciculture | 484139 | വകയിരുത്തിയിട്ടില്ല |
| 7 | 2501061 | Fisheries Infrastructure | 118585 | വകയിരുത്തിയിട്ടില്ല |
| 8 | 2502004 | Minor Irrigaton –Providing Individual Facilities | 85400 | വകയിരുത്തിയിട്ടില്ല |
| 9 | 2503007 | Electronic And Electrical Industry | 385132 | വകയിരുത്തിയിട്ടില്ല |
| 10 | 2503015 | Service Enterprises | 270592 | 100000 |
| 11 | 2504001 | Environment Conservation | 314312 | വകയിരുത്തിയിട്ടില്ല |
| 12 | 2511013 | Education Related Activities | 2929698 | 500000 |
| 13 | 2512001 | PHC, CHC And Other Hospitals-Dispensaries | 1584591 | 250000 |
| 14 | 2512004 | Medicins | 874838 | 230002 |
| 15 | 2512015 | Ayurveda Hospital | 20500 | വകയിരുത്തിയിട്ടില്ല |
| 16 | 2513006 | Programs For Physically And Mentally Challenged | 3365436 | 1648200 |
| 17 | 2513007 | Welfare Programs For The Destitute | 120000 | 100000 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/21-22, 22/02/23) മറുപടി ലഭ്യമാക്കിയില്ല.

(5) 2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരുത്തിയിട്ടും ചെലവ് ചെയ്തതായികാണുന്നില്ല. വിശദീകരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501011 | Agricultureand Related Sectors-Vegetables | ചെലവഴിച്ചിട്ടില്ല | 120000 |
| 2 | 2501012 | Agricultureand Related Sectors-Plantain | ചെലവഴിച്ചിട്ടില്ല | 635000 |
| 3 | 2501013 | Agricultureand Related Sectors-Tuber Crops | ചെലവഴിച്ചിട്ടില്ല | 294000 |
| 4 | 2501017 | Agricultureand Related Sectors-Floriculture | ചെലവഴിച്ചിട്ടില്ല | 350000 |
| 5 | 2501040 | Animal Husbandry Disease Control | ചെലവഴിച്ചിട്ടില്ല | 610000 |
| 6 | 2501045 | Diary Development Fodder Grass | ചെലവഴിച്ചിട്ടില്ല | 1000000 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/21-22, 22/02/23) മറുപടി ലഭ്യമാക്കിയില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2022 | 01.07.2022 |

1-2-1. B-4 Schedule പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ്സ്കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 1164284 |
| 2 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 3400 |
| 3 | 320100121 | CSS-ICDS | 1483208 |
| 4 | 320300199 | Grants,Funds &Contributions For Specific Purposes-Other Government Agencies- | 22000 |
| 5 | 320800101 | Beneficiary Contributions | 4003349 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 12/22.02.23 ന് (51/21-22, 27/02/23)

വിനിയോഗിക്കാതെ അവശേഷിക്കുന്ന നീക്കിയിരുപ്പ് തുകകൾ പ്രത്യേക ഉദ്ദേശ്യത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ളതും പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ അതിനനുസൃതമായി പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണം നടത്തുന്നതാണെന്നും പ്രോജക്ട് രൂപീകരിച്ച് തുക പൂർണ്ണമായും ചെലവഴിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ചെലവാകാതെ അവശേഷിക്കുന്ന തുകകൾ തിരികെ നൽകുകയോ, പ്രോജക്ട് വച്ച് ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

2003- ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി (രൂപീകരിക്കലും വിനിയോഗിക്കലും) ചട്ടം 3 പ്രകാരം ദുരിതനിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിന് മറ്റു ഫണ്ടിൽ നിന്ന് വേറിട്ടു സൂക്ഷിക്കണം.

ചട്ടം 3(4) വരവുചെലവു കണക്കുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുറക്കണം.

ചട്ടം 3(5) സംഭാവനയ്ക്ക് അച്ചടിച്ച രസീത് നൽകണം.

ചട്ടം 4(3) നിധി കൈകാര്യം ചെയ്യാൻ പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ അടങ്ങുന്ന സബ് കമ്മിറ്റി വേണം.

ചട്ടം 4(4) ധനസഹായത്തിനുള്ള അപേക്ഷകളിൽ അന്വേഷണം നടത്തണം.

ചട്ടം 5 പ്രത്യേക ക്യാഷ് ബുക്ക്, മിനിട്ട്സ് ബുക്ക്, രസീത്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ സെക്രട്ടറി സൂക്ഷിക്കണം.

എന്നാൽ ഇത്തരം നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ആയതിനാൽ ദുരിതാശ്വാസനിധി രൂപീകരിച്ച് ആയതിലേക്കുള്ള തുക പ്രത്യേകം സൂക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1-2-2. ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും എ എഫ് എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സ്ഥാപനം ലഭ്യമാക്കിയ ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും (6010227.303/-) Current Year- ലെ Depreciation -നും കഴിഞ്ഞ വർഷത്തെ Depreciation -നും തമ്മിലുള്ള വ്യത്യാസമായdepreciation Schedule 1-17(a)-ലെ (5987391/-) തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് 25/02/2023- ൽ നൽകിയ ഓഡിറ്റ് എൻക്വയറി 50/22ന് ലഭ്യമായ മറുപടി തൃപ്തികരമല്ല.

## 1-3 ഗ്രാന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24251599 | 29433688 | -5182089 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9443001 | 8577883 | 865118 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 14860785 | 10977248 | 3883537 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 6940729 | 5466323 | 1474406 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10909378 | 6935173 | 3974205 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 17163000 | 15120835 | 2042165 |

വികസന ഫണ്ടിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസായാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. AFS ൽ സോഴ്സ് ഡിഡക്ഷൻ തുക ഉൾപ്പെടുത്താതെയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സോഴ്സ് ഡിഡക്ഷൻ തുക ഉൾപ്പെടുത്തിയും തയ്യാറാക്കിയതിനാലാണ് ഇപ്രകാരം നീക്കിയിരിപ്പ് നെഗറ്റീവായിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളുടെ മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| പൊതു വിഭാഗം (ഉൽപാദനം) | 20562707 | 9661574 | 46.99 |
| പൊതു വിഭാഗം (സേവനം) | 80796447 | 50786828 | 62.86 |
| പൊതു വിഭാഗം (പശ്ചാത്തലം) | 46314793 | 31265193 | 67.51 |

| | | | |
|---|---|---|---|
| പട്ടികജാതി വിഭാഗം (സേവനം) | 15583599 | 12145749 | 77.94 |
| പട്ടികജാതി വിഭാഗം (പശ്ചാത്തലം) | 494116 | 0 | 0 |
| ആകെ | 163751662 | 103859344 | 63.42 |

1) സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരം പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഖണ്ഡിക 3.1.1(ബി) പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ട ചുമതലകളും പ്രസ്താവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് 18/02/21, 18/05/22 തീയതികളിൽ കൂടിയതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും മിനിട്ട്സ് പൂർത്തിയാക്കിയിട്ടില്ല. പങ്കെടുത്ത അംഗങ്ങളുടെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു.

2) ഖണ്ഡിക 13 ൽ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ മോണിറ്റർ ചെയ്യണമെന്നും പ്രസ്തുത ഘട്ടത്തിൽ നിർവഹണോദ്യോഗസ്ഥർ ഒഴിവാകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനിട്സ് രേഖപ്പെടുത്തൽ, മിനിട്സ് ബുക്ക് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലകളാണ്. സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 464320 | 267 |
| കർഷക തൊഴിലാളി പെൻഷൻ | 3540600 | 210 |
| വിധവാ പെൻഷൻ | 37982800 | 2396 |
| വാർദ്ധക്യകാല പെൻഷൻ | 62992600 | 4358 |
| വികലാംഗ പെൻഷൻ | 9281900 | 587 |
| വിവാഹ ധനസഹായം | 420000 | 14 |
| അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1556800 | 102 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആദ്യത്തെ നൂറ് അപേക്ഷകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ദാമോദരൻ കെ | 102660100568 | കർഷക തൊഴിലാളി പെൻഷൻ | 19/10/2021 | സസ്പെന്റ് | 11/21 - 12/21 | 1600*2= 3200/- |
| 2 | തങ്കപ്പനാശാരി | 102660200423 | വാർദ്ധക്യകാല പെൻഷൻ | 01/10/2021 | സസ്പെന്റ് | 11/21 - 12/21 | 1600*2= 3200/- |
| 3 | സരോജിനി അമ്മ ബി | 101670605800 | വിധവ പെൻഷൻ സ്കീം | 12/8/2021 | ആക്ടീവ് (തിരുവനന്തപുരം കോർപ്പറേഷൻ) | 9/21 - 11/22 | 1600*15= 24000/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | സുഹറാബീവി | 102660600716 | വിധവ പെൻഷൻ സ്കീം | 28/7/2021 | സസ്പെന്റ് | 8/21 – 12/21 | 1600*5= 8000/- |
| 5 | മുഹമ്മദ്സാലി | 102660201449 | വാർദ്ധക്യകാല പെൻഷൻ | 31/7/2021 | സസ്പെന്റ് | 8/21 – 12/21 | 1600*5= 8000/- |
| 6 | കെ.കെ.വിജയധരൻ പിള്ള | 104230200847 | വാർദ്ധക്യകാല പെൻഷൻ | 15/8/2021 | ആക്ടീവ് (പത്തനംത്തിട്ട- ആറന്മുള ഗ്രാ. പ) | 9/21 – 11/22 | 1600*15= 24000/- |
| 7 | രതമ്മ | 102670601013 | വിധവ പെൻഷൻ സ്കീം | 20/8/21 | ആക്ടീവ് (വെമ്പായം ഗ്രാ.പ) | 9/21 – 11/22 | 1600*15= 24000/- |
| 8 | കൊച്ചു | 102660600200 | വിധവ പെൻഷൻ സ്കീം | 26/7/2021 | സസ്പെന്റ് | 8/21 – 12/21 | 1600*5= 8000/- |
| 9 | ചന്ദ്രശേഖരൻ നായർ കെ | 101670213655 | വാർദ്ധക്യകാല പെൻഷൻ | 4/6/2021 | ആക്ടീവ് (തിരുവനന്തപുരം കോർപ്പറേഷൻ) | 7/21 - 11/22 | 1600*17= 27200/- |
| 10 | പ്രഭാകരൻ നായർ | 102660203284 | വാർദ്ധക്യകാല പെൻഷൻ | 17/9/2021 | സസ്പെന്റ് | 10/21 – 12/21 | 1600*3= 4800/- |
| 11 | രാജൻ | 102660204163 | വാർദ്ധക്യകാല പെൻഷൻ | 27/8/2021 | സസ്പെന്റ് | 9/21 - 12/21 | 1600*4= 6400/- |
| 12 | ജഗദ | 101670257754 | വാർദ്ധക്യകാല പെൻഷൻ | 25/10/2021 | ആക്ടീവ് (തിരുവനന്തപുരം കോർപ്പറേഷൻ) | 11/21 - 11/22 | 12*600= 7200/- |
| 13 | വിലാസിനി ജി | 102700600373 | വിധവ പെൻഷൻ സ്കീം | 5/8/2021 | ആക്ടീവ് (തിരുവനന്തപുരം കോർപ്പറേഷൻ) | 9/21 – 11/22 | 15*1600= 24000/- |
| 14 | പിച്ചമ്മ | 103350100226 | കർഷക തൊഴിലാളി പെൻഷൻ | 31/7/2021 | ആക്ടീവ് (കൊല്ലം- തെന്മല ഗ്രാ. പ) | 8/21 – 11/22 | 16*1600= 25600/- |

ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും ഗ്രാമ പഞ്ചായത്തിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തിൽ അടുത്ത മാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ് എന്ന് 02.08.2021-ലെ സർക്കുലർ നമ്പർ 63/2021 -ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/21.2.2023) കരകുളം പഞ്ചായത്തിൽ നിന്ന് പെൻഷൻ വാങ്ങുന്നവരിൽ മരണപ്പെട്ടവരുടെ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും, മറ്റുള്ളവരെ അവർ പെൻഷൻ വാങ്ങുന്ന പഞ്ചായത്തുകളിൽ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് അറിയിപ്പ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2022 ഏപ്രിൽ, മെയ് മാസങ്ങളിൽ മരണപ്പെട്ടതായി, പെൻഷൻ വിതരണം നടത്തുന്ന സഹകരണ സംഘങ്ങൾ വഴി രേഖപ്പെടുത്തപ്പെട്ട 2 ഗുണഭോക്താക്കളെ (102660200688 ഓമനയമ്മ, 102660100150 അർജ്ജുനൻ ആശാരി) സസ്പെന്റ് ചെയ്യാത്തതായി സേവന സോഫ്റ്റ് വെയറിൽ കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/21.2.2023) മറുപടി ലഭ്യമാക്കിയില്ല. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-02-2023 തീയതിയിൽ 2.55 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40210/-(നാൽപ്പതിനായിരത്തി ഇരുന്നൂറ്റി പത്ത് )രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1) ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലിവിഭജനം നടത്തി ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്തി ഓഫീസ് പ്രവർത്തനം വിലയിരുത്തി തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

2) 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. പൌരാവകാശരേഖ പ്രസിദ്ധീകരിക്കാൻ നല്കിയിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിന് (നം.38/23, തീയതി : 24.02.2023 ) മറുപടി നൽകിയിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖ നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് വഴി വിവിധ ഫോറങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഫോറങ്ങളുടെ വിതരണ വിവരങ്ങൾ ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്. ആധുനിക രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുള്ളതുമാണ്.

4) മാന്വൽ കളക്ഷൻ രസീതു ബുക്കുകളും ഡെയ്‌ലി കളക്ഷൻ രജിസ്റ്ററുകളും പരിപാലിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

5) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6) കേടായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

7) വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് ഒടുക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി ലഭ്യമാകുന്നില്ല. ആയതിനാൽതന്നെ പ്രസ്തുത സേവനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനും കാലതാമസം നേരിടുന്നു.

8) അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വർഷങ്ങളായി സൂക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമല്ല, ആയതു ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

വരവ് ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 48530 | 8,93,709 | 9,42,239 | 9,39,250 | 2989 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,38,37,998 | 3,38,37,998 | 3,38,37,998 | 0 |

1-8-1

തൊഴിലുറപ്പ് പദ്ധതി - അവലോകനം.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അംഗങ്ങളുടെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറിക്ക് (നം:54 തീയതി:27/02/23) നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-553<br>അംഗങ്ങൾ - 652 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1550<br>അംഗങ്ങൾ - 1630 |
| 2021-22 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1778<br>തൊഴിലാളികൾ-1872 |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |

| | |
|---|---|
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 420 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 420 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 23 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 23 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 239 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 239 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 189 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 108616 |
| ലേബർ കംപോണന്റ് | 3,17,44,648 |

2) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖണ്ഡിക 4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. റോസ്ഗാർ ദിനത്തിന്റെ മിനിട്ട്സ് സൂക്ഷിച്ചിട്ടില്ല. വാർഡു തലത്തിൽ മേറ്റുമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ പ്രസ്തുത വിവരം ഉൾപ്പെടുത്തുന്നുണ്ട്. മിനിട്ട്സ് സൂക്ഷിക്കുന്നില്ല എന്നാണ് എൻക്വയറിക്ക് മറുപടി നൽകിയത്.

3) 2005-ലെ തൊഴിലുറപ്പ് നിയമം 17(1) വകുപ്പ് പ്രകാരം ഗ്രാമസഭയ്ക്ക് പഞ്ചായത്തിലെ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിനും മോണിറ്ററിംഗിനും അവകാശമുണ്ട്. 17(2) ഉപവകുപ്പ് പ്രകാരം എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് പരിശോധനയുടെ ഫലങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേക ഗ്രാമസഭായോഗം വിളിച്ചു ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്..

4) മെറ്റീരിയൽ വർക്ക് ആവശ്യമായ വിവിധ പ്രവൃത്തികളിൽ ആയതു നിർവഹിക്കാതെ Unskilled Wages മാത്രമായി തുക അനുവദിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കാതെ ചെലവു തുക പാഴായിപോകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A) കമ്പോസ്റ്റ് പിറ്റ് നിർമാണം പ്രസന്നകുമാരി, തറട്ട

അനുവദിച്ച തുക – 291/- രൂപ

B) കിഴക്കെല വാർഡിലെ സ്വയം സഹായ സംഘത്തിന്(സുഹൃത്ത് സംഘം)വർക്ക് ഷെഡ് നിർമ്മാണം(1614004003/AV/261988)

അനുവദിച്ച തുക – 8288/- രൂപ

പ്രസ്തുത പ്രവൃത്തി തുടർന്ന് ചെയ്യാത്തതിനാലാണ് ബാക്കി തുക അനുവദിക്കാത്തതെന്നാണ് മറുപടി നൽകിയത്.

5) വനവൽക്കരണത്തിൻറെ ഭാഗമായി വൃക്ഷതൈ പിടിപ്പിക്കലും പരിപാലനവും, നഴ്സറി നിർമാണം,കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ തൻവർഷം നിർവഹിച്ചിട്ടുണ്ട്. വനവത്കരണം, കൃഷി തുടങ്ങിയ പദ്ധതികൾക്ക് തുടർ പരിപാലനം ആവശ്യമാണ്. എന്നാൽ ഫയലുകളിൽ ആയതു സംബന്ധിച്ച വിവരങ്ങളോ മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമല്ല. തുടർ പരിപാലനം ആവശ്യമായ പദ്ധതികളിൽ ആവശ്യമായ പരിപാലനം ഉറപ്പു വരുത്തുന്നതിനും, കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലദായകമാക്കുന്നതിനും പ്രവൃത്തി മോണിറ്റർ ചെയ്യുന്നതിനും നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 | 01.01.2021 മുതൽ 31.07.2021 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.2020 മുതൽ ---.02.2020 വരെ | 2014-15 മുതൽ 2018-19 വരെ | 04.05.2020 |

## 1-10 രസീതു ബുക്കുകളുടെ പരിപാലനം - അപാകതകൾ

I. പ്രിന്റ് ചെയ്ത് ലഭ്യമായ രസീതു ബുക്കുകൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതെ ഇഷ്യൂ ചെയ്തതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം ശരിയായി നടത്തുന്നില്ല.

II. 9202 നമ്പർ രസീത് ബുക്ക് ശ്രീ. ആന്റോ ജോസഫ്, എൽ.ഡി. ക്ലർക്കിന് നൽകിയത് ഓഡിറ്റിന്

ഹാജരാക്കിയില്ല.

III. ചുവടെ ചേർക്കുന്ന രസീതു ബുക്കുകളുടെ കളക്ഷൻ പൂർണ്ണമായും ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ഫ്രണ്ട് ഓഫീസിൽ അടച്ച രേഖയില്ല.

| ക്രമ നം | രസീത്ബുക്ക് നം | രസീത് നം | രസീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| 1 | 19546 | 1 To 33 | ബിന്ദു .എസ് |
| 2 | 19558 | 55 To 100 (14/11/2021) | ആന്റോ ജോസഫ് |
| 3 | 19553 | 21 To 100(5,6/11/21) | ആന്റോജോസഫ് |
| 4 | 9192 | 1 To 8 | ആന്റോജോസഫ് |

IV ചുവടെ ചേർക്കുന്ന രസീതു ബുക്കുകളുടെ കളക്ഷൻ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ഫ്രണ്ട് ഓഫീസിൽ അടച്ച രേഖയില്ല.

| ക്രമ നം | രസീത്ബുക്ക് നം | രസീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1 | 19520 | ബിന്ദു .എസ് |
| 2 | 19521 | സുജിത്ത് ഹുസൈൻ |
| 3 | 19525 | മണികണ്ഠൻമായർ |
| 4 | 19529 | സുജിത്ത് ഹുസൈൻ |
| 5 | 19531 | സുജിത്ത് ഹുസൈൻ |
| 6 | 19534 | സുജിത്ത് ഹുസൈൻ |
| 7 | 19535 | മണികണ്ഠൻനായർ |
| 8 | 19536 | ബിന്ദു .എസ് |
| 9 | 19538 | സുജിത്ത് ഹുസൈൻ |
| 10 | 19540 | ബിന്ദു .എസ് |
| 11 | 19541 | മണ്കണ്ഠൻ നായർ |
| 12 | 19542 | ബിന്ദു .എസ് |
| 13 | 19543 | മണികണ്ഠൻനായർ |
| 14 | 19544 | ആൻറ്റോ ജോസഫ് |
| 15 | 19545 | സുജിത്ത് ഹുസൈൻ |
| 16 | 19546 | ബിന്ദു .എസ് |
| 17 | 19548 | സുശീല |
| 18 | 19549 | സുജിത്ത് ഹുസൈൻ |
| 19 | 19554 | സുജിത്ത് ഹുസൈൻ |
| 20 | 9194 | സുജിത്ത് ഹുസൈൻ |
| 21 | 9196 | ആന്റോ ജോസഫ് |
| 22 | 9200 | അശ്വതി |
| 23 | 9201 | സുജിത്ത് ഹുസൈൻ |
| 24 | 9203 | ബിന്ദു .എസ് |
| 25 | 9205 | സുശീല |

രസീതുബുക്കുകളും, തുക ഫ്രണ്ട് ഓഫീസിൽ അടവാക്കിയ രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 63, തീയതി 27.02.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ രസീതു ബുക്കുകളുടെ കളക്ഷൻ രജിസ്റ്ററും ഫ്രണ്ട് ഓഫീസിൽ തുക അടച്ച രേഖയും അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ 585 സ്ഥാപനങ്ങൾക്കാണ് 2021-22 വർഷം ലൈസൻസ് നൽകിയിരിക്കുന്നത്. എന്നാൽ വ്യാപാര സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) പ്രകാരം പഞ്ചായത്തുപരിധിയിൽ 493 സ്ഥാപനങ്ങളെ പ്രവർത്തിക്കുന്നതായി കാണുന്നുള്ളു. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമായതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി, ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് (29/24.02.2023).

## 1-11-1 ലൈസൻസ് നൽകൽ -അപാകതകൾ

1. അപേക്ഷകൾ പൂർണമല്ല.

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണ മെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉല്പാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ കൃത്യമായി അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2) ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം (ലൈസൻസ് അപേക്ഷ അനുവദിച്ചതായോ/ നിരസിച്ചതായോ) രേഖപ്പെടുത്തുകയോ ഒപ്പുവയ്ക്കുകയോ ചെയ്യാതെ ലൈസൻസ് നൽകിയിരിക്കുന്ന ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|
| 1 | രാജീവ് ആർ | ഇറ്റാലിയൻ എൻജിനീയറിംഗ് വർക്സ് |
| 2 | അജയകുമാർ | അശോക സ്റ്റോർസ് |
| 3 | അംബികാകുമാരി | ദിവ്യം സ്റ്റോർസ് |

3) 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ പുരയിടത്തിൽ സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്ക് ആനുപാതികമായി മെഷീൻ ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | വ്യാപാരസ്ഥാപനം | യന്ത്രങ്ങളുടെ കുതിരശക്തി |
|---|---|---|
| 1 | ഇറ്റാലിയൻ എൻജിനീയറിംഗ് വർക്സ് | 4.5 HP |
| 2 | കിട്ടു കോൺക്രീറ്റ് ബ്ലോക്സ് | 9.5HP |
| 3 | മാതാ ഫ്ലോർ മിൽ | 7HP |

4) യന്ത്രങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ, ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തി അപേക്ഷകളിലോ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തുന്നില്ല.

ഉദാഹരണം: ശിവശക്തി എഞ്ചിനീയറിംഗ് വർക്സ്, സജുകുമാർ

KG എഞ്ചിനീയറിംഗ് വർക്സ്, ഗംഗാധരൻ. കെ

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/22.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷകളിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്താൻ ശ്രദ്ധിക്കേണ്ടതും യന്ത്രങ്ങളുടെ കുതിരശക്തിക്ക് ആനുപാതികമായി മെഷീൻ ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11-2 ഓഡിറ്റോറിയം/കല്ല്യാണമണ്ഡപം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന

സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തൽ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്നിവിടങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | പേര് |
|---|---|---|
| 1 | 1/271/I,J,K | Karunesu Vilasam |
| 2 | 1/591 | Muraleedharan Nair |
| 3 | 5/667/A | Roy Peter, Living Space Pvt |
| 4 | 8/882/B | Veluthampi Memmorial NSS Karayogam |
| 5 | 10/49C | MAK Auditorium, Abdul Kareem |
| 6 | 12/70 | SNDP Hall |
| 7 | 13/125/A | Smash Hit Badminton Court |
| 8 | 19/296/P | Nirmalyam Auditorium |
| 9 | 21/760/B | Maruthoor Church Hall |
| 10 | 22/369/A | Vrindhavanam |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/24.02.2023) പ്രസ്തുത സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11-3 വളർത്തു നായകളുടെ ലൈസൻസ് - നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 5046 വളർത്തുനായകൾ ഉണ്ട്. 25 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/22.02.2023) പട്ടിക്ക് ലൈസൻസ് എടുക്കുന്നതിന് വീട് വിടാന്തരം അനൗൺസ്മെന്റ് നടത്തിയിരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ കാലികമാക്കേണ്ടതും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

## 1-11-4 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3, 4, 5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2021-22 വർഷം രജിസ്ട്രേഷൻ നൽകിയിട്ടില്ല.

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | സന്തോഷ് ബാബു | S R Hospital |
| 2 | ഡോ.അർച്ചന തമ്പി | അഷ്ടാംഗ ആയുർവേദ വൈദ്യശാല |
| 3 | ഡോ.എം.ദീപ | DDBS Dental Clinic |

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 21/22.02.2023 – ന് മറുപടിയായി മേൽ സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-11-5 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ

സപ്ലൈസ് ഡയറക്ടറുടെ 22.02.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22.02.2023) റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11-6 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ 3(1)-ാം ചട്ടം പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും, ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം 3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 5 ട്യൂട്ടോറിയൽ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കോവിഡ് കാലമായതിനാൽ ഭൂരിഭാഗം ട്യൂട്ടോറിയൽ സ്ഥാപനങ്ങളും അടഞ്ഞു കിടക്കുകയാണെന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37/24.02.2022). രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിനും, ആയത് തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി കുറവായി ഈടാക്കുന്നു.

ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി, അർദ്ധവാർഷിക വരുമാനം കണക്കാക്കുമ്പോൾ ബോണസ് ഉൾപ്പെടുത്താത്തത് കാരണം നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവാണെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | അർദ്ധ വർഷം |
|---|---|---|---|---|---|
| അബ്ദുൽ വാഹിദ് എം പി.ടി.സി.എം | ഗവ. എൽ പി ബി എസ് കരകുളം | 125788 | 750 | 1250 | Ist Half |
| ഗോപിനാഥൻ നായർ പി ടി സി എം | ഗവൺമെൻറ് എൽ എം എ എൽ പി എസ് വട്ടപ്പാറ | 128278 | 750 | 1250 | 1st Half |
| നിർമല പി.ടി.എസ്സ് | ഗവ. എൽ പി എസ് വട്ടപ്പാറ | 115066 | 750 | 1000 | 1st Half |
| ശ്യാമളാദേവി എസ് | ഗവ. ഹോമിയോ ആശുപത്രി കരകുളം | 154917 | 1000 | 1250 | 1st Half |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.02.2023) ശ്രീ.ഗോപിനാഥൻ നായർ, ശ്രീമതി. നിർമല എന്നിവർ തുക അടവാക്കിയിട്ടുണ്ടെന്നും മറ്റ് രണ്ട് പേർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12-1 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.2.2023) ഡിമാന്റ് നോട്ടീസ് നല്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12-2 തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത്

താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തുപരിധിയിലെ ഡോക്ടർമാർ, അഭിഭാഷകർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.2.2023) മെഡിക്കൽ മേഖലകളിൽ നിന്നും മാത്രമാണ് ഇത്തരത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതെന്നും മറ്റു മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും വ്യക്തിഗതമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.2.2023) തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിൽ അടയ്ക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയതായി അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിലധികം പ്രവൃത്തി ചെയ്യുകയും മറ്റ് തദ്ദേശ സ്ഥാപനത്തിൽ നികുതി അടവാക്കുകയും ചെയ്യാത്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | NUZZO English Vidyalaya |
| 2 | Service Cooperative Bank Karakulam |
| 3 | Keltron Karakulam |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/21.2.2023) സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് നിർദ്ദേശിച്ച് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഡവലപ്മെന്റ് പെർമിറ്റ് - അപാകതകൾ

കെട്ടിടനിർമ്മാണത്തിന് മുന്നോടിയായി സൈറ്റ് കെട്ടിടനിർമ്മാണത്തിന് യോഗ്യമാക്കുന്നതിനായി പെർമിറ്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന വ്യക്തികൾക്ക് 2021-22 വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും ഡവലപ്മെന്റ് പെർമിറ്റ് നൽകിയിട്ടുണ്ട്.

1. ജോസഫ് മാത്യു ആൻഡ് ഷീല മേരി സേവിയർ

2. പ്രിയ പി എസ്

3. മുത്തുകുമാർ കുമാർ & വിജയകുമാർ

4. വർഗീസ് ജോൺ അച്ചനാരിൽ

5. ജയലക്ഷ്മി പുതുവയൽ പുത്തൻവീട്

6. ഉഷാകുമാരി അംബികാവിലാസം

7. പ്രീത മോൾ ഷാജി ഭവൻ

8. ക്രിസ്റ്റൽ സ്മിത ഷാജി ഭവൻ

9. അമ്പിളി മോഹൻ

10. സുനിൽ രാജ്

11. രഞ്ജിത്ത് ആർ .വി & ശരണ്യ

12. രാമൻ ചെട്ടിയാർ

13. ബിന്ദു എം

14. കിരൺ ലാൽ

15. നജീബ് ഖാൻ നൗഫൽ മൻസിൽ

16. എഡ്വേർഡ് പാറവിളകം

17. വിഷ്ണു എസ്

18. ബേബി അമ്മ വീട്

19. രാജരാജൻ കീർത്തനം

20. ബിൻസി എം

21. വിനോദ് രശ്മി ഭവൻ

22. ആനന്ദ് ഹരിദാസ്, റോഷ്മി ഭവൻ

23. രാജി വി ആർ

24. അനൂപ് വർഗീസ്

25. വസന്തകുമാരി

26. ജോർജ്.ഡി

27. പ്രഫുല്ല ചന്ദ്രൻ നായർ

28. പ്രതാപചന്ദ്രൻ

29. സജീവ് പി.കെ

30. സതീഷ് കുമാർ & ഉഷാകുമാരി

31. ബി.ജെ. പ്രദീപ് & ലത

മേൽപ്പറഞ്ഞത് ഉൾപ്പടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഡവലപ്മെന്റ് പെർമിറ്റ് എടുത്തിട്ടുള്ള എത്രയാളുകൾ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.49/25.02.2023) ലഭ്യമായ രേഖകൾ പ്രകാരം പരിശോധിച്ചതിൽ ഡെവലപ്പ്മെന്റ് പെർമിറ്റ് എടുത്തിട്ടുള്ളവർ ഭൂമി തരം മാറ്റി വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പെർമിറ്റ് എടുത്ത് കെട്ടിടം പണി പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഒക്യുപൻസി അനുവദിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കെട്ടിടം പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് തുടർ നിരീക്ഷണം നടത്തുന്നതായി കാണുന്നില്ല. കുന്നുകൾ നിരത്തി മണ്ണ് നീക്കം ചെയ്യുന്നതിനും പാറപൊട്ടിക്കുന്നതിനുമായി മാത്രം ഡവലപ്മെന്റ് പെർമിറ്റെടുക്കുന്നത് നിരുത്സാഹപ്പെടുത്തു ന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-14 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും- അപാകതകൾ

1. വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2. മേഖലാടിസ്ഥാനത്തിലുള്ള മാപ്പ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/24.02.2023) യഥാസമയം സേവനം നൽകി ഫയൽ ഡിസ്പോസ് ചെയ്യേണ്ടതിനാലാണ് വ്യത്യസ്ത ഫയലുകളായി കൈകാര്യം ചെയ്യുന്നതെന്നും പഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒറ്റ ഫയലായി കൈകാര്യം

ചെയ്യുന്നതിനും മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14-1 60 M2 കൂടുതൽ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല

വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയർ (സഞ്ചയ) പരിശോധിച്ചതിൽ താഴെപ്പറയുന്ന 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് 1 വട്ടപ്പാറ വെസ്റ്റ്

| കെട്ടിട നം. | ഉടമസ്ഥന്റെ പേര്, വിലാസം | തറ വിസ്തീർണ്ണം (ചതുരശ്ര മീ.) |
|---|---|---|
| 132 | ചന്ദ്രൻ കെ ,പുഞ്ചിരി ഭവൻ,കുറ്റിയാണി | 100 |
| 207 | സുഭദ്ര,സുഭദ്ര ഭവൻ,ഒഴുകുപാറ,വട്ടപ്പാറ | 75 |
| 230 | കുമാരി ജാസ്മിന്, ജോസ് വില്ല,പന്തപ്ലാവ് | 120 |
| 273 | തങ്കരാജൻ. പി, ചെഞ്ചേരിവിള വീട്, വട്ടപ്പാറ | 160 |
| 340A | എൽ എം എസ്സ് എച്ച് എസ്സ്, ഉദിമൂട്, വട്ടപ്പാറ | 98 |
| 371 | ഇ എലിസ, അശ്വതി നിയർ, എൽ എം എ എൽ പി എസ് ഉദിമൂട്, വട്ടപ്പാറ | 80 |
| 382 | വിജയകുമാർ, ബാലാലയം,ഉദിമൂട്,വട്ടപ്പാറ | 80 |
| 389C | എൽ എം എസ്സ് എച്ച് എസ്സ്, ഉദിമൂട്,വട്ടപ്പാറ | 65 |
| 596 | ഷീബ്യ സ്റ്റീഫൻസൺ, ദാസ്ലോ വില്ല,വട്ടപ്പാറ | 100 |
| 651 | പരമേശ്വരൻ പിള്ള, വട്ടപ്പാറ പി ഒ | 130 |
| 681 | ചെല്ലപ്പൻ നാടാർ, വേറ്റിക്കോണത്ത് വീട്,ഒഴുകുപാറ,വട്ടപ്പാറ | 78 |
| 683A | ഭാസ്കരൻ നായർ, വേറ്റിക്കോണത്ത് വീട്,വട്ടപ്പാറ | 78 |
| 693 | ഗോപി, ഗോപി ഭവൻ, വേറ്റിക്കോണം, ഒഴുകുപാറ, വട്ടപ്പാറ | 125 |
| 725 | മോഹനചന്ദ്രൻ ജെ കെ, ലക്ഷ്മി ഭവൻ, മുല്ലൻചാണി, വട്ടപ്പാറ | 110 |
| 752 | മുരളി, മുരളി ഭവൻ,കുന്നംപാറ,മുക്കംപാലമൂട്,വട്ടപ്പാറ | 75 |
| 753 | പരീത് കുഞ്ഞ്, ഷാജി മൻസിൽ,വട്ടപ്പാറ | 160 |
| 755A | ഗിരിജ കുമാരി, ഗിരിജ ഭവൻ,പന്തപ്ലാവ്,വട്ടപ്പാറ | 88 |
| 841 | അലോഷ്യസ് പി, വേറ്റിക്കോണത്ത് വീട്,കുന്നംപാറ,വട്ടപ്പാറ | 160 |

വാർഡ് 14 കരകുളം

| കെട്ടിട നം. | ഉടമസ്ഥന്റെ പേര്, വിലാസം | തറ വിസ്തീർണ്ണം (ചതുരശ്ര മീ.) |
|---|---|---|
| 60 | തങ്കപ്പൻപിള്ള, ഇടവഴിക്കര പുത്തൻ വീട്, കരകുളം | 74.34 |
| 182 | ലീല, മാടാൻപാറ, കരകുളം | 70 |
| 185 | ശാന്ത, മാടാൻപാറ തടത്തരികത്ത് വീട്, കരകുളം | 78.96 |
| 237 | മോഹനചന്ദ്രൻ നായർ, മകം നിവാസ്, കരകുളം | 89.18 |
| 335 | ശ്രീകണ്ഠൻ, കാലാപുറത്ത് വീട്, കരകുളം | 74.32 |
| 371 | ശോഭകുമാരി, ശ്രുതിമ വി എസ്, ഭാവശ്രീ, മുല്ലശ്ശേരി, കരകുളം | 92.91 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 34/24.02.23 ന് 2013 ന മുൻപ് എ ആർ വി പ്രകാരം അസസ്സ് ചെയ്ത കെട്ടിടങ്ങളിൽ അപാകതയുള്ളവയാണ് മേൽ പരാമർശിച്ചവയെന്നും 2013 ന ശേഷം കെട്ടിടങ്ങൾ ഓൺലൈനിൽ പോർട്ട് ചെയ്ത് എടുക്കുകയാണ് ചെയ്യുന്നതെന്നും എ ആർ വി പ്രകാരം ഡിമാൻഡ് രേഖപ്പെടുത്താത്ത കെട്ടിടങ്ങൾ 2018 ശേഷം ഫോറം 6 ലഭ്യമാക്കാത്തതിനാലും എ ആർ വി പ്രകാരമുള്ള സീറോ ഡിമാൻഡ് ആണ് നിലവിൽ വന്നിട്ടുള്ളതെന്നും മേൽ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി രേഖമൂലം IKM ന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് നികുതിക്ക് യോഗ്യമായ എല്ലാ കെട്ടിടങ്ങളുടേയും ഫോം 6 ലഭ്യമാക്കി റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14-2 അപേക്ഷ സമർപ്പിക്കാതെ വിമുക്ത ഭടന്മാർക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നു

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വാർഡ് 1 മാത്രം പരിശോധിച്ചതിൽ 2021-22 വർഷം താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ അപേക്ഷ കൂടാതെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പേര്, വിലാസം |
|---|---|---|
| 1 | 1/33 | ശാലിനി ജി ആർ & രാജൻ വി, സൌഗന്ധികം,കുട്ടിയാണി, പന്തലക്കോട്, വട്ടപ്പാറ |
| 2 | 1/49 | മായാകുമാരി, ശിവാലയം,പ്ളാച്ചിക്കുഴി വട്ടപ്പാറ |
| 3 | 1/72 | സുജല കെ, എസ് ആർ നിവാസ്,കുറ്റിയാണി,വട്ടപ്പാറ |
| 4 | 1/109 | അബ്രഹാം തോമസ് ലിജിൻ ലിജോ തോമസ്, മണലേൽ ഹൗസ്, കുറ്റിയാണി, വട്ടപ്പാറ |
| 5 | 1/125 | സുദർശനൻ നായർ, പി ബി ഗീതാ പത്മം, ഗീതാ ഭവൻ,വട്ടപ്പാറ |
| 6 | 1/187 | ബിജു കെ ജി, കല്ലേലിൽ ഹൗസ്,ഒഴുകുപാറ,വട്ടപ്പാറ |
| 7 | 1/273 | തങ്കരാജൻ. പി, ചെഞ്ചേരിവിള വീട്, വട്ടപ്പാറ |
| 8 | 1/314 | വാമദേവൻ കെ. ജാൻസി റാണി ജി.,ഹെലീനാ ഹൗസ്, പന്നിയോട്,വട്ടപ്പാറ |
| 9 | 1/345 | കെ മുരുകൻ, ദീപം,പന്നിയോട് ലെയിൻ,വട്ടപ്പാറ |
| 10 | 1/418 | പരമേശ്വരൻ നായർ, പത്മ നിവാസ്,വട്ടപ്പാറ,വട്ടപ്പാറ |
| 11 | 1/454 | സുരേന്ദ്രൻ. ഡി, ദാമോദർ വിലാസം, വട്ടപ്പാറ, |
| 12 | 1/512 | ഗോപിനാഥൻ നായർ, പ്രേം ഭവൻ,വട്ടപ്പാറ |
| 13 | 1/708 | ജോർജ്ജ് എ സി അരിങ്ങടവീട്, വട്ടപ്പാറ |
| 14 | 1/752 | സുധ എം നായർ, ശിവകൃപ,കുന്നുംപാറ ലൈൻ മുക്കംപാലമൂട്,വട്ടപ്പാറ |
| 15 | 1/757 | മുരളി കെ, മുരളി ഭവൻ,കുന്നുംപാറ,വട്ടപ്പാറ |
| 16 | 1/791 | ശശിധരൻ നായർ, സരസ്വതി വിലാസം,പന്തപ്ലാവ്,വട്ടപ്പാറ |
| 17 | 1/814 | വിജയകുമാരൻ നായർആയില്യം |
| 18 | 1/816 | മദനകുമാർ, മനീഷ് ഭവൻ,പാനപ്പയത്തിൽ വീട്,പന്തപ്ലാവ്,വട്ടപ്പാറ |
| 19 | 1/870 | കിംസ്റ്റൺ ജെ, രജനി ഭവൻ,മുക്കംപാലമൂട്,വട്ടപ്പാറ |

മേൽ പരാമർശിച്ച വ്യക്തികൾ നികുതി ഇളവിനായി സമർപ്പിച്ച അപേക്ഷകളും അവ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകളും പരിശോധനയ്ക്കായി ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 4/21.02.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-3 ഡിമാന്റ് ചെയ്യാതെ നികുതി പിരിച്ചെടുക്കുന്നു

സഞ്ചയ സോഫ്റ്റ് വെയറിൽ 1-ാം വാർഡ് മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ) | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 1/943 | ദിനേഷ് കുമാർ, രാഹുൽ ഭവൻ, വട്ടപ്പാറ | പാർപ്പിടാവശ്യം | 85 | 2142 |
| 2 | 1/877 | സുന്ദരേശൻ,സന്തോഷ് വിലാസം,വട്ടപ്പാറ | പാർപ്പിടാവശ്യം | 170 | 1714 |

| | | | | | |
|---|---|---|---|---|---|
| 3 | 1/752 | മുരളി,മുരളിഭവൻ, കുന്നംപാറ | പാർപ്പിടാവശ്യം | 75 | 1008 |
| 4 | 1/743 | മുത്തുകുമാർ. റ്റി, മുല്ലച്ചാണി വീട്,വട്ടപ്പാറ | പാർപ്പിടാവശ്യം | 74 | 1910 |

സഞ്ചയയിൽ മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നടത്താത്തതിനും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതിനും കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 35/24.02.2023) 2013 ന മുൻപ് എ ആർ വി പ്രകാരം അസസ്സ് ചെയ്ത കെട്ടിടങ്ങളിൽ അപാകതയുള്ളവയാണ് മേൽ പരാമർശിച്ചവയെന്നും 2013 ശേഷം കെട്ടിടങ്ങൾ ഓൺലൈനിൽ പോർട്ട് ചെയ്ത് എടുക്കുകയാണ് ചെയ്യുന്നതെന്നും എ ആർ വി പ്രകാരം ഡിമാൻഡ് രേഖപ്പെടുത്താത്ത കെട്ടിടങ്ങൾ 2018 ശേഷം ഫോറം 6 ലഭ്യമാക്കാത്തതിനാലും എ ആർ വി പ്രകാരമുള്ള സീറോ ഡിമാൻഡ് ആണ് നിലവിൽ വന്നിട്ടുള്ളതെന്നും മേൽ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി രേഖമൂലം IKM ന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-14-4 കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ 2019, ചട്ടം 12, 13 എന്നിവ പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം രേഖാ മൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ അല്ലെങ്കിൽ 11 -ാം ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും, ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിലെ അപേക്ഷകളും പെർമിറ്റ് രജിസ്റ്ററും പരിശോധിച്ചതിൽ, ഭൂരിപക്ഷം അപേക്ഷകളിലും ചട്ട പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പെർമിറ്റ് അനുവദിക്കുകയോ, അപാകതകൾ / നിരസിക്കുന്ന വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്തതായി കാണുന്നില്ല . ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകൻ | അപേക്ഷ നൽകിയ തീയതി | പെർമിറ്റ് അനുവദിച്ചു നൽകിയ തീയതി |
|---|---|---|---|
| 1 | വിനീത്.എം | 10.03.21 | 9.7.21 |
| 2 | ദിനു.ഡി | 10.03.21 | 9.7.21 |
| 3 | നമിത | 10.03.21 | 9.7.21 |
| 4 | തമ്പി മാത്യു | 24.3.21 | 11.8.21 |
| 5 | ബാബു.ആർ & സരിത | 15.9.21 | 9.11.21 |
| 6 | വിജയകുമാർ & ലീനകുമാരി | 5.10.21 | 19.4.22 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (32/24.02.2023) കോവിഡ് 19 മഹാമാരി കാരണം ഓഫീസ് പ്രവർത്തനത്തിനും പൊതുജനങ്ങളുടെ സന്ദർശനത്തിനും സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാലാണ് ചട്ടപ്രകാരമുള്ള സമയ പരിധി പാലിക്കാൻ കഴിയാതിരുന്നത് എന്നുമാണ് മറുപടിയായി അറിയിച്ചിരിക്കുന്നത്. പെർമിറ്റ് അപേക്ഷകളിൻമേൽ നിശ്ചിത സമയപരിധിക്കകം നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 മാർക്കറ്റ് ലേലം കാര്യക്ഷമമായി നടത്തുന്നില്ല - വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഏണിക്കര മാർക്കറ്റ്, കല്ലയം പബ്ലിക് മാർക്കറ്റ്, കല്ലയം സബ് സെൻറർ എന്നിവിടങ്ങളിലെ ഗേറ്റ് ഫീസ് പിരിവിനുള്ള 5/3/21 ന് നടത്തിയ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ 16.03.21 ന് പുനർ ലേലം നടത്തി. പുനർ ലേലത്തിൽ കല്ലയം പബ്ലിക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിക്കുന്നതിന് ഗോപിനാഥൻ നായർ ലേലം കൊണ്ടിട്ടുണ്ട്. എന്നാൽ ഏണിക്കര മാർക്കറ്റ്, കല്ലയം സബ് സെൻറർ എന്നിവിടങ്ങളിൽ നിന്നും തൻവർഷം ഗേറ്റ് ഫീസ് പിരിവ് നടന്നിട്ടില്ല. 21-22 വർഷം പഞ്ചായത്തിന്റെ ആദായത്തിൽ ഉൾപ്പെടുന്ന തെങ്ങ് ,മാവ് ,പുളി എന്നിവയും ലേല ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 43/24.02.2023) ഏണിക്കര മാർക്കറ്റ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് കരകുളം ഗ്രാമപഞ്ചായത്തിന്റെ ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ടി മാർക്കറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് അറിയിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സായ പൊതു മാർക്കറ്റുകൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ

രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെവിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനഹങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ)അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" -എന്ന് നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾപ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 17/22.01.23- ന് അടിയന്തിരമായി വിവരങ്ങൾ രേഖപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ(വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 എം.സി.എഫ് നിർമ്മിക്കുന്നതിന് വസ്തു വാങ്ങിയത് - റോഡ് സൗകര്യം ലഭ്യമല്ല

പ്രോജക്ട് നമ്പർ : 160/21-22 (എം.സി.എഫ് ന് സ്ഥലം വാങ്ങൽ)

ചെലവ് : 15,58,042/-
നിർവഹണം : സെക്രട്ടറി

എം.സി.എഫ് നിർമ്മിക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം ധനകാര്യ കമ്മിഷൻ ഗ്രാന്റ് വിനിയോഗിച്ച് 10 സെന്റ് ഭൂമി വാങ്ങിയിട്ടുണ്ട്. താല്പര്യ പത്രം ക്ഷണിച്ചാണ് വസ്തു വാങ്ങിയിരിക്കുന്നത്. റോഡ് സൗകര്യം ഉള്ള പ്രദേശത്ത് വസ്തു വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. താല്പര്യപത്രം ക്ഷണിച്ചതിലും പ്രസ്തുത വസ്തുത രേഖപ്പെടുത്തിയിരുന്നു. എന്നാൽ റോഡ് സൗകര്യം ഇല്ലാത്ത വസ്തുവാണ് എം.സി.എഫ് നിർമാണത്തിനായി വാങ്ങിയത്. ടി വസ്തുവിലേക്ക് പുറത്തു നിന്നും പ്രവേശന മാർഗം ഇല്ല. വസ്തുവിന്റെ ഒരു വശത്ത് തോട് ആയതിനാലും റോഡ് നിരപ്പിൽ നിന്നും 3.5 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതിനാലും 3.5 മീറ്റർ വീതിയിൽ റാമ്പിനു വേണ്ടി മണ്ണ് നീക്കം ചെയ്തശേഷം പാലം നിർമ്മിച്ചാൽ മാത്രമെ എം.സി.എഫ് നിർമാണം സാധ്യമാകുകയുള്ളൂ എന്നും അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി സെക്ഷൻ) റിപ്പോർട്ട് നൽകിയിട്ടുണ്ട്. കുന്നുകളിടിച്ച് നിരപ്പാക്കുന്ന പരിസ്ഥിതി പ്രശ്നം നേരിട്ടുകൊണ്ടിരിക്കുന്ന പ്രദേശമാണ് കരകുളം ഗ്രാമപഞ്ചായത്ത്. എം.സി.എഫ് നായി വാങ്ങിയ സ്ഥലം മണ്ണിടിച്ച് തോടിനു പാലം നിർമ്മിക്കുമ്പോൾ പ്രസ്തുത വസ്തുവിനു സമീപ പ്രദേശങ്ങളും മണ്ണിടിക്കുന്നതിനു കാരണമാകും. ഇതു പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുകയും ചെയ്യും. മുൻ ആധാരം രജിസ്റ്റർ ചെയ്തിരിക്കുന്നതു പ്രകാരം പടിഞ്ഞാറെ അതിര് തോട് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പഞ്ചായത്തിന് രജിസ്റ്റർ ചെയ്തിരിക്കുന്ന വിലയാധാരത്തിൽ പടിഞ്ഞാറെ അതിര് പഞ്ചായത്ത് റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവേശന മാർഗം ഇല്ലാത്ത വസ്തുവിൽ ഇത്തരത്തിൽ അതിര് രേഖപ്പെടുത്തിയതും പ്രവേശനമാർഗം ഇല്ലാത്ത വസ്തു വാങ്ങിയതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 23, തീയതി: 22/02/23) വഴി സൗകര്യമുള്ള സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ലഭ്യമായ സ്ഥലം തെരഞ്ഞെടുക്കുകയായിരുന്നു എന്നും മണ്ണ് നീക്കി പാലം നിർമ്മിക്കുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്. റോഡ് സൗകര്യം ലഭ്യമല്ലാത്തതും മണ്ണിടിച്ച് പാലം നിർമ്മിച്ചാൽ മാത്രമെ വസ്തു ഉപയോഗക്ഷമമാകുകയുള്ളൂവെന്നും എൽ.എസ്.ജി.ഡി എഞ്ചിനീയർ സൂചിപ്പിച്ചിട്ടും ഇത്തരത്തിലുള്ള വസ്തു വാങ്ങിയത് ശരിയായ നടപടിയല്ല. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് കാലതാമസത്തിനും പദ്ധതിച്ചെലവു കൂടുന്നതിനും പരിസ്ഥിതി പ്രശ്നത്തിനും ഇതു കാരണമായി തീരുന്നു. എന്നിരിക്കിലും മണ്ണ് മാറ്റി പാലം പണിയുന്നതിനും എം.സി.എഫ് നിർമ്മിക്കുന്നതിനുമായി 240/23, 199/23 എന്നിങ്ങനെ അംഗീകാരം നേടിയിട്ടുള്ള പദ്ധതികൾ നടപ്പാക്കി ധനവിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ കാലതാമസവും അധികച്ചെലവും കൂടാതെ ലക്ഷ്യം കൈവരിക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിന് വർക്കിംഗ് കമ്മിറ്റിയും ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-18 പ്രവർത്തന രഹിത ഇലക്ട്രോണിക് ഉപകരണങ്ങൾ - നിർമാർജനം ചെയ്തിട്ടില്ല.

2021-22 സാമ്പത്തിക വർഷം പഞ്ചായത്ത് ഓഫീസിലെ ഉപയോഗങ്ങൾക്കായും ഘടക സ്ഥാപനങ്ങൾക്കായും കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പുതുതായി കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുന്നതിനു മുൻപ് നിലവിലുള്ളവയിൽ പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്നവ റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കേണ്ടതും, പ്രവർത്തന സജ്ജമാക്കുവാൻ കഴിയാത്ത ഉപകരണങ്ങൾ സ.ഉ.(കൈ) നം.27/2018/ഐ.റ്റി.ഡി. തീയതി 28.10.2018,

സ.ഉ.(കൈ) നം.30/2021/ഐ.റ്റി.ഡി. തീയതി 01.10.2021 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് നിർമാർജ്ജനം ചെയ്യേണ്ടതുമാണ്. നിലവിൽ പ്രവർത്തന രഹിതമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33,തീയതി :24/02/23) പ്രവർത്തനരഹിതമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെന്ന മറുപടി നൽകിയെങ്കിലും രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയില്ല ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇ-വേസ്റ്റ് കളക്റ്റ് ചെയ്യുമെന്ന് അറിയിച്ചിരുന്നെങ്കിലും നാളിതുവരെ ഇ-വേസ്റ്റ് കളക്റ്റ് ചെയ്യാത്തതിനാൽ ഇ-വേസ്റ്റ് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നാണ് മറുപടി നൽകിയത്. പ്രവർത്തനരഹിതമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ രജിസ്റ്റർ തയ്യാറാക്കേണ്ടതും സർക്കാർ ഉത്തരവിനനുസൃതമായി അവ നിർമാർജനം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 എഫ്.എച്ച്.സി വാഹനവാടക നൽകിയതിലെ അപാകതകൾ

1) പ്രോജക്റ്റ് 39/21-22 (പി.എച്ച്.സി വാഹനവാടക)

ചെലവ് തുക : 195750/- രൂപ (തനത് ഫണ്ട്)

നിർവഹണം : മെഡിക്കൽ ഓഫീസർ

കരകുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ കരാർ വ്യവസ്ഥയിൽ വാഹനമോടിക്കുന്നതിന് (വാഹനം ഉൾപ്പെടെ ) 20/03/2021 ന് ക്വട്ടേഷൻ വിളിച്ചിരുന്നു. ഓരോ മാസാന്ത്യവും ട്രിപ്പ് ഷീറ്റ് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക നൽകുമെന്നാണ് ക്വട്ടേഷനിൽ സൂചിപ്പിച്ചിരുന്നത്. ശ്രീ. പ്രദീപ് കുമാർ.വി, അരിയോട്ടുകുഴി വീട് എന്ന വ്യക്തിയുടെ ക്വട്ടേഷൻ പ്രകാരം കിലോമീറ്ററിന് 20/- രൂപ നിരക്കിലും വെയിറ്റിംഗ് ചാർജ് മണിക്കൂറിൽ 125/- രൂപ നിരക്കുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്.

ട്രിപ്പ് ഷീറ്റിൽ പുറപ്പെട്ട സമയവും തിരിച്ചെത്തിയ സമയവും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കിലോമീറ്റർ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുക അനുവദിച്ചതു സംബന്ധിച്ച മാനദണ്ഡം വ്യക്തമല്ല. എന്തടിസ്ഥാനത്തിലാണ് തുക നൽകിയത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44, തീയതി :25/02/23) ടിയാൻ ലോഗ് ബുക്ക് സൂക്ഷിച്ചിരുന്നുവെന്നും ലോഗ് ബുക്കിൽ കിലോമീറ്റർ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയെന്നുമാണ് മറുപടി നൽകിയത്. കരാർ കാലാവധി കഴിഞ്ഞതിനാൽ നിലവിൽ ടിയാന്റെ സേവനം ലഭ്യമല്ലാത്തതിനാൽ ലോഗ്ബുക്ക് ഹാജരാക്കാൻ കഴിയില്ലെന്നറിയിച്ചു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കരാർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ നിർവഹണ ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തേണ്ടതാണ്. മേൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ കൃത്യമായ ലോഗ് ബുക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-20 കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.3392681/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1) പ്രോജക്റ്റ് 161/21-22 (കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

ചെലവ് തുക : 3392681/- രൂപ (സി.എഫ്,സി ഗ്രാന്റ് )

നിർവഹണം : സെക്രട്ടറി

കരകുളം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ളപൈപ്പ് ലൈൻ നീട്ടുന്നതിനായി 2021 -22 സാമ്പത്തിക വർഷം 3392681/- രൂപ വാട്ടർ അതാറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ 24/03/2022 നാണ് ജനറേറ്റ് ചെയ്തിരിക്കുന്നത്. എന്നാൽ EGramSwaraj സ്റ്റേറ്റ്മെന്റ് പ്രകാരം (വൗച്ചർ നമ്പർ XVFC/2022-23/P/4 തീയതി 24/08/2022) തുക 24/08/2022 നാണ് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിരിക്കുന്നത്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021 -22 സാമ്പത്തിക വർഷം ചെലവ് കാണിക്കുകയും സാമ്പത്തിക വർഷം പൂർത്തിയായി 4 മാസത്തിനു ശേഷം തുക നൽകിയതിനു കാരണം ലഭ്യമാക്കണമെന്നും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതു സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 52, തീയതി :27/02/23) EGramSwaraj ൽ റിവേഴ്സ് റെസീപ്റ്റ് ജനറേറ്റ് ചെയ്യാൻ സാങ്കേതിക തടസ്സം ഉണ്ടായതിനാലാണ് തുക നൽകാൻ താമസം നേരിട്ടതെന്നും പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകി. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതു സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-20-1 കെ,എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 22,52,451/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു

1. പ്രോജക്ട് നമ്പർ : 46/21-22 കരകുളം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ

ചെലവു തുക : 363841/- രൂപ

| UTR No: | തീയതി | തുക |
|---|---|---|
| RBI 2092176270919 | 26/07/21 | 3,40,075(വികസനഫണ്ട് ജനറൽ) |
| FDRLH22012930721 | 12/01/22 | 6497 (തനതുഫണ്ട്) |
| RBI0812269555492 | 21/03/22 | 17269 (തനതുഫണ്ട്) |
| ആകെ | | 363841 |

അയണിക്കാട്, മുക്കോല, മുദിശാസ്താംകോട് എന്നീ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടുന്നതിനും പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായും കെ.എസ്.ഇ.ബി യ്ക്ക് ഡെപ്പോസിറ്റ് വർക്കിനത്തിൽ 363841/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 14, തീയതി: 22/02/23)

2.പ്രോജക്ട് നമ്പർ : 164/21-22 തെരുവു വിളക്കുകൾക്കായി വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ

ചെലവു തുക : 20,54,800/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| XVFC/2021-22/P/1 | 18/11/2021 | 23633 |
| XVFC/2021-22/P/1 | 18/11/2021 | 434737 |
| XVFC/2021-22/P/25 | 05/03/2022 | 1036426 |
| XVFC/2021-22/P/24 | 05/03/2022 | 166190/-(10 /10/22 ൽ UC ലഭ്യമായിട്ടുണ്ട്) |
| XVFC/2021-22/P/23 | 05/03/2022 | 393814/- |
| ആകെ | | 20,54,800/- |

മേൽ പ്രകാരം ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് 20,54,800/- രൂപ നൽകിയതിൽ 166190/ രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുകയായ 18,88,610/- രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയതു സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 14, തീയതി: 22/02/23)

## 1-20-2 സെക്രട്ടറി നിർവഹിച്ച പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 82,63,293/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | തുക | ഫണ്ടിനം | തുക കൈപ്പറ്റിയ സ്ഥാപനം | തുക കൈമാറിയതിന്റെ വിശദാംശം |
|---|---|---|---|---|
| 347/20-21 കമ്മി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ 2 ലക്ഷം ലിറ്റർ പമ്പിന്റെ നിർമ്മാണവും 5 എം.എൽ.ഡി പ്ലാന്റിന്റെ പുനർസ്ഥാപനവും വിഹിതം നൽകൽ | 75,00,000/- | അർബൻ അഗ്ലോമറേഷൻ ഫണ്ട് | വാട്ടർ അതോറിറ്റി | ചെക്ക് നം : 188082<br>തീയതി : 12/01/2022 (2020-21 സാമ്പത്തിക വർഷം 347/20-21 എന്ന പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരുന്നു) |
| 206/21-22 തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണപ്ലാന്റ് സ്ഥാപിക്കൽ | 4,00,000/- | അർബൻ അഗ്ലോമറേഷൻ ഫണ്ട് | ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ | TRN 2021220115B0001753415 Date 25/10/21 |
| 62/21-22 ഡി.പി.സി സെക്രട്ടറിയേറ്റ് മന്ദിര നിർമാണം വിഹിതം നൽകൽ | 200,000/- | വികസനഫണ്ട് ജനറൽ | ഡി.പി.സി ജനറൽ സെക്രട്ടറി | BRN 21011552055700469048 Date 30/09/21 |

| | | | | |
|---|---|---|---|---|
| 19/21-22 ഐ.കെ.എം പ്രവർത്തനങ്ങൾക്കുള്ള പഞ്ചായത്തു വിഹിതം നൽകൽ | 163,293/- | വികസനഫണ്ട് ജനറൽ | | 150,000/- BRN- 21011552055700110922 Date 9/6/21 & 13293/- 21011552055700469053 Date 30/09/21 |
| ആകെ | 82,63,293/- | | | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28 : തീയതി : 23/2/2023) പ്രവൃത്തി നടന്നു വരുന്നു, പൂർത്തിയാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നു മറുപടി നൽകി. മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 പി.എച്ച്.സി കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ - ടെണ്ടർ കിഴിവ് ചെയ്യാതിലെ അപാകത

പ്രോജക്ട് നമ്പർ : 218/21-22 (SO) ഘടക സ്ഥാപനങ്ങളുടെ വയറിംഗ്, ഇലക്ട്രിഫിക്കേഷൻ

ചെലവു തുക : 198068 (വികസനഫണ്ട് ജനറൽ)

നിർവഹണം : സെക്രട്ടറി

വട്ടപ്പാറ പി.എച്ച്.സി കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനായി- 242,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 22% കുറഞ്ഞ നിരക്കിൽ ടെണ്ടർ രേഖപ്പെടുത്തിയ എ.വൺ ഏജൻസീസിനെ പ്രവൃത്തി ചെയ്യുന്നതിന് തെരഞ്ഞെടുത്തു. എം ബുക്ക് പ്രകാരം 205383/- രൂപയുടെ പ്രവൃത്തിയാണ് ആകെ നിർവഹിച്ചിട്ടുള്ളത്. ആയതു പ്രകാരം 205383/- രൂപയുടെ 22% കുറഞ്ഞ തുകയായ 1,60,198/- രൂപയാണ് അനുവദിക്കാവുന്ന തുക. എന്നാൽ ബിൽ പ്രകാരം 188,760 /- രൂപ എ.വൺ ഏജൻസീസിന് (BRN – 21011552055700571653 തീയതി 28/10/21) നൽകിയിട്ടുണ്ട്. അധികം നൽകിയ 28,562/- രൂപ തിരികെ ഈടാക്കേണ്ടതാണ്. വിശദാംശം ഖണ്ഡിക 3-1 കാണുക.

## 1-22 ആസ്തിപരിപാലനം - തുടർ നടപടികൾ അനിവാര്യം

20.01.2017 ലെ ജി.ഒ. (ആർ.ടി.) നം. 166/17/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്നതിന്റെ വിശദാംശങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച നടപടികൾ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുകയോ ഓഡിറ്റ് അന്വേഷണത്തിന് ( നം.40/23, തീയതി :24.02.2023) മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. കൂടാതെ ഗ്രാമ പഞ്ചായത്തിലെ 2020-21 വരെ നിർമ്മിച്ചതും, 2021-22 ൽ ആർജ്ജിച്ചതുമായ മുഴുവൻ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതും പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ചെക്കക്കോണം വാർഡിൽ അംഗൻവാടി പണിയുന്നതിന് 1 ആർ 42 സ്ക്വ.മീ സ്ഥലവും എം സി എഫ് പണിയുന്നതിന് വട്ടപ്പാറ മേഖലയിൽ 4 ആർ 05 സ്ക്വ.മീ സ്ഥലവും വാങ്ങിയതു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതു പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ആസ്തി വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും അറിയിച്ചിട്ടില്ല.

മേൽ വസ്തുതകൾ പരിശോധിച്ച് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്നതിനും അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ആസ്തിസംരക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക്/ട്രഷറി അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല – അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ നിലവിൽ ഓരോ ബാങ്ക് / ട്രഷറി അക്കൌണ്ടുകൾ പരിപാലിക്കുന്നുണ്ടെങ്കിലും നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) SBI Enikkara യിലെ (A/c No. 67214314270), അക്കൌണ്ടിൽ 31.3.2022 ൽ 850834/- രൂപ നീക്കിയിരിപ്പ് നിലവിലുണ്ട്. ബാങ്ക് അക്കൌണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.1.2021 ലെ മുന്നിരിപ്പ് : 641960/-

31.3.2022 ലെ നീക്കിയിരിപ്പ് : 850834/-

16.2.2023 ലെ നീക്കിയിരിപ്പ് : 956648/-

മേൽ പരാമർശിച്ചിരിക്കുന്നതു ഏതിനത്തിലെ തുകയാണെന്നും ഇത്രയും കാലയളവിൽ എ ഇയുടെ അക്കൌണ്ടിൽ സൂക്ഷിക്കാനുണ്ടായ കാരണവും അറിയിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം.39/23, തീയതി :24.02.2023) മറുപടി ലഭ്യമാക്കിയില്ല.

2) ഓഡിറ്റിന് ഹാജരാക്കിയ ട്രഷറി പാസ്സ് ബുക്ക് (TSB A/c No. 799011400004125) പ്രകാരം 28.08.2020 ൽ 4,08,686/- രൂപ നീക്കിയിരിപ്പ് കാണുന്നു. ഏതിനത്തിലെ തുകയാണെന്നും എ ഇയുടെ അക്കൌണ്ടിൽ സൂക്ഷിക്കാനുണ്ടായ കാരണവും അറിയിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം.39/23, തീയതി :24.02.2023) മറുപടി ലഭ്യമാക്കിയില്ല. 28.08.2020 ന് ശേഷമുള്ള ഇടപാടുകളുടെ വിവരങ്ങളും ലഭ്യമാക്കിയില്ല.

3) അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫോറം വില ലഭ്യമായതിന്റെ വിശദാംശങ്ങളും (ഇ-ടെ ണ്ടർ മുഖേന നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം, ലഭ്യമായ ടെണ്ടറുകളുടെ എണ്ണം, ലഭ്യമായ തുക തുടങ്ങിയവ) മുൻ വർഷങ്ങളിൽ ലഭിക്കാനുള്ള തുക പൂർണ്ണമായും ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും കുടിശ്ശിക ലഭിക്കാനുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ലഭ്യമാക്കിയില്ല.

മേൽ വസ്തുതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാകാത്തതിനും, മുൻ വർഷങ്ങളിൽ നീക്കിയിരിപ്പായി ഇത്രയും തുക സൂക്ഷിച്ചതിന്റെയും കാരണവും അറിയിക്കേണ്ടതാണ്. എ ഇ യുടെ പേരിൽ പരിപാലിക്കുന്ന രണ്ട് അക്കൌണ്ടുകളിലെയും നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ കണ്ടെത്തി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ഒടുക്കേണ്ട തുകയാണെങ്കിൽ അടിയന്തിരമായി ആയതു ഒടുക്കേണ്ടതാണ്. ഇ-ടെൻഡർ ഫോമിന്റെ വിലയുടെ വിശദാംശങ്ങളും, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ വിവരങ്ങളും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-24 പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്ത് തല കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.(നം. 8/21.02.2023) കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് കൃത്യമായ ഇടവേളകളിൽ യോഗം കൂടേണ്ടതും അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-25 എസ് സി കുട്ടികൾക്ക് പഠനമുറി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | എസ് സി കുട്ടികൾക്ക് പഠനമുറി (99/22) |
| അടങ്കൽ തുക | 30,00,000/- |
| ചെലവ് തുക | 26,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്ത് പരിധിയിലെ 15 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കുന്നതിന് 2,00,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് പദ്ധതി നടപ്പാക്കി. പ്രോജക്ട് ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 8 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുകയും 2,00,000/- രൂപ നിരക്കിൽ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഏഴിൽ മൂന്ന് ഗുണഭോക്താക്കൾ 1,50,000/- വീതവും നാല് ഗുണഭോക്താക്കൾ 1,00,000/- രൂപ വീതവും കൈപ്പറ്റുകയും ആകെ 26,00,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/23, തീയതി : 25.02.2023) ഏഴ് ഗുണഭോക്താക്കളിൽ മൂന്ന് പേർ അടുത്ത സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റുകയും നാല് ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റാൻ ശേഷിക്കുന്നതായും എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അറിയിപ്പ് നൽകിയതായും അറിയിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിനാൽ എ ഇയുടെ വാല്യവേഷൻ ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡു നൽകാൻ സാധിക്കുന്നതാണെന്നും മറ്റ് മൂന്ന്പേരുടെയും പഠനമുറിയുടെ ഫ്ലോറിംഗ്

ജോലികൾ അവശേഷിക്കുന്നതിനാൽ ആയതു പൂർത്തിയാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് നിയമാനുസൃതം തുക വിതരണം ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-26 തൊഴിൽരഹിതവേതന വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ രഹിത വേതനമിനത്തിൽ 2021-22 വർഷത്തെ ചെലവ് ചുവടെ ചേർക്കുന്നു.

| ബിൽ ട്രാൻസാക്ഷൻ നം . | തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 210115000000005099 | 18/8/2021 | 308200/- | 267 |
| 210115000000013920 | 25/3/2022 | 144120/- | 175 |
| 210115000000013969 | 27/3/2022 | 12000/- | 15 |

സ.ഉ (അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും ടിയാളിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാട്ടുള്ളതല്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 21.08.2020 ലെ DEE-TVM/668/2020-S2നമ്പർ കത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ തൊഴിൽ രഹിത വേതനം നൽകുവാൻ പാട്ടുള്ളു എന്നും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ രഹിത വേതനത്തിനുള്ള അർഹത മാനദണ്ഡപ്രകാരം കുടുംബവാർഷിക വരുമാനം 12,000/- രൂപയിലും വ്യക്തിഗത വരുമാനം പ്രതിമാസം 100/- രൂപയിലും അധികമാകാൻ പാടില്ല. സ.ഉ (അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (41/24.2.2023) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ രഹിത വേതനം വിതരണ സമയത്ത് കോവിഡ് വ്യാപനം രൂക്ഷമായതിനാൽ തൊഴിൽ രഹിത വേതനം സംബന്ധിച്ച വെരിഫിക്കേഷൻ നടത്താൻ കഴിഞ്ഞിരുന്നില്ലെന്നും, എന്നാൽ നിലവിൽ വെരിഫിക്കേഷന് നടത്തി മാർഗ്ഗ രേഖകൾ പാലിച്ചാണ് വേതന വിതരണം നടത്തിയതെന്നുമാണ് . ഭാവിയിൽ മേൽ അപാകങ്ങൾ ഉണ്ടാകാതെ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച മാത്രമെ തൊഴിൽ രഹിത വേതനം വിതരണം ചെയ്യാൻ പാട്ടുള്ളു.

## 1-27 സ്പിൽ ഓവർ പദ്ധതികൾ അതത് വർഷം പൂർത്തിയാക്കുന്നില്ല.

ജി.ഓ.(എം.എസ്)നം.72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചുവടെപ്പറയുന്ന വി.ഇ.ഓ, നടപ്പിലാക്കുന്ന സ്പിൽ ഓവര് പദ്ധതികൾ 2022-23 സാമ്പത്തിക വർഷത്തിലേക്കും സ്പിൽ ഓവർ ആയിരിക്കുന്നു.

1. S0213/22 വീട് വാസയോഗ്യമാക്കൽ (ജനറൽ)

2. S0197/22 ലൈഫ് അഡീഷണൽ (എസ്സി)

3. S0195/22 ന്യൂ ലൈഫ് സമഗ്ര കോളനി വികസനം - വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ)

4. S0165/22 ലൈഫ് ഗുണഭോക്താക്കൾക്ക് ആനുപാതിക വിഹിതം നൽകൽ (ജനറൽ)

5. S0166/22 ലൈഫ് ഗുണഭോക്താക്കൾക്ക് ആനുപാതിക വിഹിതം നൽകൽ (എസ്.സി.പി)

6. S0167/22 “ജീവിക” ഗാർഹിക ബയോബിൻ വിതരണം

ടി അപാകതകയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (62/27.2.2023) ഒന്നു മുതൽ അഞ്ച് വരെയുള്ള പദ്ധതികളിൽ , ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയതിനാലാണെന്നും, അഞ്ചാമത്തെ പദ്ധതിയിൽ ആയിരം ഗുണഭോക്താക്കളിൽ എഴുനൂറ്റി അൻപത് പേർ മാത്രമാണ് ഗുണഭോക്ത വിഹിതം 2021-22 വരെ അടച്ചിട്ടുള്ളതെന്നും, ബാക്കി 250പേർക്ക് കൂടി ഡെസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് സിപിൽ ഓവർ

ആയി തുടരുന്നതെന്നും മറുപടി നൽകി. പദ്ധതി രൂപീകരണ സമയത്തെ നിർദ്ദേശമനുസരിച്ചും സമയക്രമം പാലിച്ചും പദ്ധതി പൂർത്തിയാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-28 ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ അവലോകനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെംപ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

5)ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി

പ്രസ്തുത വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20/22.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-29 മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നില്ല

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം താഴെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പദ്ധതി | തുക |
|---|---|---|---|
| 1 | 110/22 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (മണ്ണ് കുളം) | 21920 |
| 2 | 143/22 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (പടുതാകുളം) | 39058 |
| 3 | 103/22 | ബയോഫ്ളോക് മത്സ്യകൃഷി | 57607 |
| 4 | 217/22 | കുളത്തിലെ കരിമീൻ കൃഷി | 8539 |
| 5 | 216/22 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (പടുതാകുളം) | 298243 |
| 6 | 219/22 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (മണ്ണ് കുളം) | 134506 |
| 7 | 220/22 | ബയോഫ്ളോക് മത്സ്യകൃഷി | 177357 |

പദ്ധതി മാർഗ്ഗരേഖ, സ .ഉ. (സാധാ )നം . 1009/2020/ത സ്വ ഭ വ / തീയതി : 29.05.2020, സർക്കുലർ നമ്പർ -ആർ സി .3/293/2020/ ത സ്വ ഭ വ / തീയതി : 12.10.2020] ഖണ്ഡിക - 8 പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസിന്റെ ഭാഗമാക്കേണ്ടതാണ്. ടി പദ്ധതിയിലെ ഗുണഭോക്താക്കൾ നടത്തിയ മത്സ്യകൃഷി ഇൻഷ്വർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം59/27.02.2023) നൽകിയിരുന്നു.ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയില്ലായെങ്കിൽ കർഷകർക്ക് നഷ്ടം നേരിടാൻ സാധ്യതയുള്ളതിനാൽ തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ കർഷകരെക്കൊണ്ടു തന്നെ ഇൻഷ്വറൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കാലിത്തീറ്റ സബ്സിഡി അപേക്ഷകൾ പൂർണ്ണമല്ല.

2021-22 വർഷത്തെ കാലിത്തീറ്റ സബ്സിഡിയ്ക്കുള്ള അപേക്ഷകളിൽ അപേക്ഷകൻ ക്ഷീര സംഘത്തിലെ അംഗമാണെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന അംഗത്വനമ്പറും വളർത്തുന്ന ഉരുക്കളുടെ എണ്ണവും ശരിയാണെന്നും സംഘത്തിന്റെ പ്രസിഡന്റും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തേണ്ടതും അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി തുക നിർവഹണ ഉദ്യോഗസ്ഥൻ അനുവദിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ കല്ലയം ക്ഷീര സംഘത്തിലെ ക്ഷീര കർഷകരുടെ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷയിൽ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല. അപേക്ഷകൾ കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ഹരിത കർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

A) ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിനായി യൂസർഫീ കളക്ട് ചെയ്യുന്നതിന് രസീത് ബുക്കുകൾ പ്രിന്റ് ചെയ്തിരുന്നു. പ്രസ്തുത ബുക്കുകൾ സ്റ്റോക്കിലെടുക്കാതെയാണ് വിതരണം ചെയ്തിരിക്കുന്നത്. എത്ര ബുക്കുകൾ പ്രിന്റ് ചെയ്ത് ആർക്കൊക്കെ വിതരണം ചെയ്തു എന്നതു സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.

B) ഓരോ മാസവും വാർഡുകളിൽ നിന്നും കളക്ട് ചെയ്ത തുക സംബന്ധിച്ച വിവരം സൂക്ഷിച്ചിട്ടില്ല. ഹരിതകർമസേന സെക്രട്ടറി ലഭ്യമാക്കിയ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യതയില്ലാതെ സൂക്ഷിച്ചിരിക്കുന്നു. ആകെ തുക കൂട്ടി എഴുതുന്നില്ല. കളക്ഷൻ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. വളരെ കാര്യക്ഷമമായി പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വ്യക്തികൾ ഈ മേഖലയിൽ പ്രവർത്തിച്ചാൽ മാത്രമേ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. വീട്ടുകളിൽ പോയി കൃത്യമായി തരം തിരിച്ച് കളക്ട് ചെയ്യുന്നതിനും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിനും സാധിക്കാത്തവരെ മാറ്റി പകരം സന്നദ്ധതയുള്ളവരെ നിയമിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഹരിതകർമസേനയുടെ പ്രവർത്തനങ്ങളിൽ കർമനിരതരായി പ്രവർത്തിക്കാത്ത അംഗങ്ങളെ മാറ്റി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

C) അജൈവ മാലിന്യം തരം തിരിച്ചു കൊടുത്താൽ മാത്രം പുന:ചംക്രമണയോഗ്യമായവസ്തു ക്ലീൻകേരളയിൽ നിന്നും ആയതിനനുസൃതമായ തുക ലഭ്യമാകുന്നതാണ്. പുന:ചംക്രമണയോഗ്യമല്ലാത്തവയ്ക്ക് ക്ലീൻ കേരളയ്ക്ക് തുക പഞ്ചായത്ത് നൽകേണ്ടതാണ്. തൻവർഷം ഈയിനത്തിൽ പ്രോജക്ട് പ്രകാരം ക്ലീൻകേരളയ്ക്ക് 1,18,716/- രൂപ നൽകിയിട്ടുണ്ട്. അജൈവ മാലിന്യം തരം തിരിച്ചു നൽകാത്തതിനാലാണ് ഇത്തരത്തിൽ കൂടുതൽ തുക ക്ലീൻകേരളയ്ക്ക് നൽകേണ്ടി വരുന്നത്. കൂടാതെ പുന:ചംക്രമണയോഗ്യമായവസ്തു ക്ലീൻകേരളയിൽ നിന്നും യാതൊരു തുകയും പഞ്ചായത്തിനു ലഭ്യമായിട്ടില്ല. ക്ലീൻകേരള കളക്ട് ചെയ്തു കൊണ്ടു പോകുന്ന അജൈവ മാലിന്യത്തിന്റ കണക്ക് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുക നൽകുന്നതിന്റെ വസ്തുത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അജൈവ മാലിന്യം തരം തിരിച്ചു നൽകുന്നതിനും നൽകുന്ന അജൈവ മാലിന്യത്തിന്റെ കണക്ക് പുന:ചംക്രമണയോഗ്യമായവയുടെതും, പുന:ചംക്രമണയോഗ്യമല്ലാത്തവയുടെയും കൃത്യമായും എഴുതി സൂക്ഷിക്കേണ്ടതും തുക നൽകുന്നതിന്റെയും തുക ലഭ്യമാകുന്നതിന്റെയും കൃത്യത നിർവഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതുമാണ്.

D) വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം തരം തിരിച്ചു എം.സി.എഫുകളിലാണ് സൂക്ഷിക്കുന്നത്. എന്നാൽ പഞ്ചായത്തിനു പരിസരത്തുള്ള പെട്ടിക്കടയുടെ പുറകിലായി ഇവ സൂക്ഷിച്ചിരിക്കുന്നു. എം.സി.എഫ് ൽ കൊണ്ടു പോകാതെ ഹരിതകർമസേന അംഗങ്ങൾ ഇവ കൂട്ടിയിട്ടിരിക്കുന്നതായാണ് അറിയാൻ കഴിഞ്ഞത്. കൂടാതെ പഞ്ചായത്തിനോട് ചേർന്നപ്രദേശങ്ങളിലും പ്ലാസ്റ്റിക് കവറുകൾ വലിച്ചെറിഞ്ഞിരിക്കുന്നു. അജൈവ മാലിന്യം തരം തിരിച്ച് കൃത്യമായി നൽകാത്തവരുടെ പേരുവിവരം ലഭ്യമാക്കി നടപടിയെടുക്കുന്നില്ല. ഇത്തരത്തിൽ മാലിന്യം വലിച്ചെറിയുന്ന കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

ഹരിതകർമസേനയുടെ ഇടപെടലുകളോടു കൂടി ഇത്തരത്തിൽ അജൈവമാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

E) സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരം 22963 റസിഡൻഷ്യൽ ബിൽഡിംഗ് പഞ്ചായത്തു പരിധിയിലുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 585 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ യൂസർഫീ കളക്ഷൻ 150,000/- താഴെയാണ് ഓരോ മാസവും ലഭിച്ചിട്ടുള്ളത്. കാര്യക്ഷമമായ പ്രവർത്തനത്തിന്റെ അഭാവമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്

F) നിലവിൽ ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്കായി സ്വന്തമായി വാഹനം ഉണ്ടായിരുന്നിട്ടും യഥാസമയം എം.സി.എഫുകളിലെത്തിച്ച് ക്ലീൻകേരളയ്ക്ക് നൽകാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂട്ടിയിട്ടിരിക്കുന്നു.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 52, തീയതി : 27/02/23) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു. എല്ലാ വാർഡിലും പ്രവർത്തിക്കുന്നതിന് ആളുകൾ ഇല്ലാത്തതിനാൽ പത്ര പരസ്യം നൽകി പുതിയ അംഗങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. കോവിഡ് കാലമായതിനാലാണ് അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നൽകാൻ സാധിക്കാത്തത്. നിലവിൽ തരം തിരിച്ച് തൂക്കം രേഖപ്പെടുത്തി നൽകുന്നുണ്ട്. നിലവിൽ പഞ്ചായത്തിൽ രണ്ട് ഇ-റിക്ഷ വാഹനങ്ങൾ ഹരിതകർമസേനയുടെ പ്രവർത്തനത്തിനായി വാങ്ങിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളുപയോഗിച്ച് അജൈവ മാലിന്യം എം.സി.എഫ് ലേക്ക് സമയബന്ധിതമായി എത്തിക്കുന്നു. ഹരിതമിത്രം മൊബൈൽ ആപ്പ് മുഖാന്തിരം 16500/ വീട്ടുകൾ എൻറോൾ ചെയ്തിട്ടുണ്ട്. ബാക്കി എൻറോൾ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു. ഇപ്പോൾ ശരാശരി 250,000/- രൂപ ഈയിനത്തിൽ കളക്ഷൻ ലഭ്യമാകുന്നുണ്ട്. റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിച്ച് പ്രവർത്തനാവലോകനം നടത്തിവരുന്നു.

മാലിന്യം വലിച്ചെറിയുന്നതും ശരിയായ സംസ്കരണം നടക്കാത്തതും കേരളം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിലൊന്നാണ്. ജനപങ്കാളിത്തത്തോടു കൂടിയുള്ള കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമെ ഇതിനു പരിഹാരം

കാണാൻ സാധിക്കുകയുള്ളൂ. എം.സി.എഫ് ൽ എത്തിക്കേണ്ടവ യഥാസമയം എം.സി.എഫ് ൽ എത്തിക്കുന്നതിനും യഥാസമയം ക്ലീൻ കേരളയ്ക്ക് കൈമാറുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനും, ഹരിതകർമസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനും പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും ഓരോ മാസവും അവലോകന യോഗം സംഘടിപ്പിക്കുന്നതിനും നിർവഹണോദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-32 സംസ്ഥാനവിഹിതം ചെലവഴിച്ചിട്ടില്ല.

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം താഴെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പദ്ധതി | വകയിരുത്തിയ തുക (സംസ്ഥാന ഫണ്ട്) | ചെലവ് തുക (വികസന ഫണ്ട് / തനത് ഫണ്ട്) |
|---|---|---|---|---|
| 1 | 110/22 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (മണ്ണ് കുളം) | 82000 | 21920 |
| 2 | 143/22 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (പടുതാകുളം) | 32800 | 39058 |
| 3 | 103/22 | ബയോഫ്ളോക് മത്സ്യകൃഷി | 55200 | 57607 |
| 4 | 217/22 | കുളത്തിലെ കരിമീൻ കൃഷി | 100000 | 8539 |
| 5 | 216/22 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (പടുതാകുളം) | 164000 | 298243 |
| 6 | 219/22 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (മണ്ണ് കുളം) | 524800 | 134506 |
| 7 | 220/22 | ബയോഫ്ളോക് മത്സ്യകൃഷി | 147200 | 177357 |

മേൽ പദ്ധതികൾക്കായി വികസന ഫണ്ട് / തനത് ഫണ്ട് മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. സംസ്ഥാനവിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (61/27.02.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് പ്രകാരം വകയിരുത്തിയിട്ടുള്ള സംസ്ഥാനവിഹിതം ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമാക്കി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട വ്യക്തികൾക്ക് ഒന്നിലധികം പദ്ധതികളിൽ സബ്സിഡി ആനുകൂല്യം നല്കി

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ബയോഫ്ളോക്ക് മത്സ്യ കൃഷി. വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പുവരുത്തുക, ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് സംസ്ഥാന സർക്കാരിന്റെ മൽസ്യസമൃദ്ധി(മത്സ്യ) പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുള്ള ബയോഫ്ളോക്ക് പദ്ധതിയുടെ ലക്ഷ്യങ്ങൾ. 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം. കനമുള്ള പി.വി.സി. ആവരണം ചെയ്തു HDPE ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 സെ.മീറ്റർ വലിപ്പമുള്ള 1250 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഒരു ടൺ മൽസ്യോൽപ്പാദനം ലക്ഷ്യമിടുന്നു

103/22 - ബയോ ഫ്ലോക് മത്സ്യകൃഷി പദ്ധതി പ്രകാരം വട്ടപ്പാറ വെസ്റ്റ് വാർഡിലെ അജിൽ എ.പി, അഖിൽ ഭവൻ, കുറ്റിയാണി, പന്തലക്കോട്, (സർവ്വേ നം 10/25, 10/7.1) (റേഷൻ കാർഡ് നമ്പർ 1105079264) എന്ന ഗുണഭോക്താവിന് 24.02.22 ന് 27206/- രൂപ ആനുകൂല്യം അനുവദിച്ചിരിക്കുന്നു.

2) 220/22 - ബയോ ഫ്ലോക് മത്സ്യകൃഷി (SO) പദ്ധതി പ്രകാരം വട്ടപ്പാറ വെസ്റ്റ് വാർഡിലെ അഖിൽ എ.പി, അഖിൽ ഭവൻ, കുറ്റിയാണി, പന്തലക്കോട് , (സർവ്വേ നം 10/25, 10/7.1) (റേഷൻ കാർഡ് നമ്പർ 1105079264) എന്ന ഗുണഭോക്താവിന് 30.10.2021 ന് 30738/- രൂപ ആനുകൂല്യം അനുവദിച്ചിരിക്കുന്നു.

219/22 - വീട്ടു വളപ്പിൽ കുളത്തിൽ മത്സ്യ കൃഷി (മണ്ണ് കുളം) (SO) പദ്ധതി പ്രകാരം വട്ടപ്പാറ വെസ്റ്റ് വാർഡിലെ പ്രമീള എസ്.കെ, അഖിൽ ഭവൻ, കുറ്റിയാണി, പന്തലക്കോട് , (സർവ്വേ നം 10/25, 10/7.1) (റേഷൻ കാർഡ് നമ്പർ 1105079264)

എന്ന ഗുണഭോക്താവിന് 09.11.2021 ന് 1480/- രൂപ ആനുകൂല്യം അനുവദിച്ചിരിക്കുന്നു.

ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട വ്യക്തികൾക്ക് ഒരു നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളിൽ ഒരു സാമ്പത്തിക വർഷം ഒന്നിലധികം സബ്സിഡി ആനുകൂല്യം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (64/27.02.2022) മറുപടി ഹാജരാക്കിയിട്ടില്ല. ടി ഗുണഭോക്താക്കൾ ഈ സർവ്വേ നം പ്രകാരമുള്ള വസ്തുവിൽ മൂന്ന് കുളങ്ങൾ നിർമ്മിച്ച് മത്സ്യകൃഷി നടത്തിവരുന്നതായും മൂന്ന് പേരും അക്വാകൾച്ചർ ലൈസൻസ് എടുത്തിട്ടുള്ളതും ഭൌതീക പരിശോധന നടത്തി ഉചിതമായ തുടർനടപടികൾ കൈകൊണ്ട് അപാകതകളുണ്ടെങ്കിൽ റിപ്പോർട്ട് നൽകേണ്ടതുമാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 ഫിഷറീസ് സബ് ഇൻസ്പെക്ടർ- പദ്ധതികളിലെ അപാകതകൾ

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പൊതു അപാകങ്ങൾ

1. പദ്ധതികൾ നടപ്പാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അപേക്ഷ ക്ഷണിക്കേണ്ടതും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി പ്രതിനിധി ചെയർമാനും ഫിഷറീസ് വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറുമായ ഒരു സമിതി അപേക്ഷകരുടെ സ്ഥലപരിശോധന നടത്തി അനുയോജ്യമായവരെ ശിപാർശ ചെയ്ത് ഗുണഭോക്തൃ സാധ്യതാ പട്ടിക തയ്യാറാക്കേണ്ടതും ആയത് പഞ്ചായത്ത് ഭരണസമിതി അന്തിമമായി അംഗീകരിക്കേണ്ടതുമാണ്. ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയ്ക്കായി ആകെ എത്ര പേർ അപേക്ഷിച്ചുവെന്നോ ഏത് മാനദണ്ഡപ്രകാരമാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത് എന്നതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (മണ്ണ് കുളം) 110/22

1) ഗുണഭോക്താക്കളുമായുള്ള കരാറിൽ, പദ്ധതി പ്രകാരം നിർമ്മിക്കുന്ന മത്സ്യകൃഷിയിടത്തിൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും മത്സ്യകൃഷി നടത്തുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കിയിട്ടില്ല.

2) നൽകുന്ന സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശ സ്വയം ഭരണ സ്ഥാപനവും മൂന്നിലൊരു ഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെന്ന നിബന്ധന നിലനിൽക്കെ ലഭ്യമാക്കിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ മുഴുവൻ സബ്സിഡി തുകയും തനത് ഫണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിച്ചതായി കാണുന്നു. മത്സ്യത്തീറ്റയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളോ ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി അനുവദിച്ചത് സംബന്ധിച്ച വിവരമോ ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

3) പദ്ധതി ഗുണഭോക്താക്കൾ ചമച്ച കരാറിന്റെ മൂന്നാമത്തെ നിബന്ധനയായി കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചറും ആക്ട് 2010 പ്രകാരമുള്ള രജിസ്ട്രേഷനും അക്വാകൾച്ചർ ലൈസൻസും യഥാസമയം നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ഗുണഭോക്താവായ ശ്രീ. ശങ്കരൻ നായർ എന്നിവരുടെ അക്വാകൾച്ചറിനുള്ള സ്ഥലത്തിന്റെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (പടുതാകുളം) 143/22

1) പദ്ധതി ഗുണഭോക്താക്കൾ ചമച്ച കരാറിന്റെ മൂന്നാമത്തെ നിബന്ധനയായി കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചറും ആക്ട് 2010 പ്രകാരമുള്ള രജിസ്ട്രേഷനും അക്വാകൾച്ചർ ലൈസൻസും യഥാസമയം നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളായ സെൽവരാജ്, രമേഷ് കുമാർ എന്നിവർ അക്വാകൾച്ചർ ലൈസൻസ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

2) സെൽവരാജിന്റെ അപേക്ഷയിൽ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിൽ (SBT Nedumangad- 67103589536) അല്ല ആനുകൂല്യം നൽകിയിരിക്കുന്നത് (02076120030465).

3) നൽകുന്ന സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശ സ്വയം ഭരണ സ്ഥാപനവും മൂന്നിലൊരു ഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെന്ന നിബന്ധന നിലനിൽക്കെ ലഭ്യമാക്കിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ മുഴുവൻ സബ്സിഡി തുകയും തനത് ഫണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിച്ചതായി കാണുന്നു. മത്സ്യത്തീറ്റയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളോ ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി അനുവദിച്ചത് സംബന്ധിച്ച വിവരമോ ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

4) ഗുണഭോക്താക്കളുമായുള്ള കരാറിൽ, പദ്ധതി പ്രകാരം നിർമ്മിക്കുന്ന മത്സ്യകൃഷിയിടത്തിൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും മത്സ്യകൃഷി നടത്തുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 60/27.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണവും സാധൂകരിക്കുന്ന രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-35 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 43 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് 8/21.02.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 21 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 20 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 4 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 4 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 15 |
| 7 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | ഇല്ല |
| 8 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 43 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 20 |
| 10 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 43 |
| 11 | വൈദ്യുതി ഇല്ലാത്തവ | ഇല്ല |
| 12 | പ്രഥമശുശ്രൂഷ കിറ്റ്, മരുന്ന് കിറ്റ് എന്നിവ ഇല്ലാത്തവ | ഇല്ല |
| 13 | പാചകവാതക സൗകര്യം ഇല്ലാത്തവ | ഇല്ല |
| 14 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | ഇല്ല |
| 15 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | ഇല്ല |
| 16 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | ഇല്ല |
| 17 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | ഇല്ല |

പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിന് കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്ന് വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീലനം നേടിയ അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉല്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതു സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. 2021-22 കാലയളവിൽ പരിശോധനയ്ക്കായി അയച്ച ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 8/21.02.2023 ന്

മറുപടിയായി സാമ്പിൾ ശേഖരിച്ചുവെങ്കിലും പരിശോധന ഫലം ലഭ്യമായിട്ടില്ലായെന്നാണ് മറുപടി നല്കിയത്. കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പി.എച്ച്.സി കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ - ടെണ്ടർ കിഴിവ് ചെയ്തതിൽ കുറവ് 28,562/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ : 218/21-22 (SO) ഘടക സ്ഥാപനങ്ങളുടെ വയറിംഗ്, ഇലക്ട്രിഫിക്കേഷൻ

ചെലവു തുക : 198068 (വികസനഫണ്ട് ജനറൽ)

നിർവഹണം : സെക്രട്ടറി

വട്ടപ്പാറ പി.എച്ച്.സി കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനായി-242,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 22% കുറഞ്ഞ നിരക്കിൽ ടെണ്ടർ രേഖപ്പെടുത്തിയ എ.വൺ ഏജൻസീസിനെ പ്രവൃത്തി ചെയ്യുന്നതിന് തെരഞ്ഞെടുത്തു. എം ബുക്ക് പ്രകാരം 205383/- രൂപയുടെ പ്രവൃത്തിയാണ് ആകെ നിർവഹിച്ചിട്ടുള്ളത്. ആയതു പ്രകാരം 205383/- രൂപയുടെ 22% കുറഞ്ഞ തുകയായ 1,60,198/-രൂപയാണ് അനുവദിക്കാവുന്ന തുക. എന്നാൽ 2,42,000/- രൂപയുടെ 22% കുറച്ച തുകയായ 1,88,760/- രൂപയാണ് ബിൽ പ്രകാരം എ.വൺ ഏജൻസീസിന് (BRN – 21011552055700571653 തീയതി 28/10/21) നൽകിയിട്ടുള്ളത്. അധികം നൽകിയ 28,562/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 7 തീയതി: 21/02/2023) എസ്റ്റിമേറ്റ് നിരക്കിന്റെ 22% തുകയാണ് അനുവദിച്ചിട്ടുള്ളത് എന്നാണ് മറുപടി നൽകിയത്. ആകെ പ്രവൃത്തി മൂല്യത്തിന്റെ 22% കുറഞ്ഞ തുകയ്ക്കു പകരം എസ്റ്റിമേറ്റിന്റെ 22% കുറഞ്ഞ തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക 28,562/- രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കു വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് 2021-22 | | 160000 | ന്യൂ ലൈഫ് സമഗ്ര കോളനി വികസനം | 0 | 160000 |
| 2 | | | 2400000 | ന്യൂ ലൈഫ് സമഗ്ര കോളനി വികസനം (ജനറൽ) | 0 | 2400000 |
| 3 | | | 712500 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 712500 | 0 |
| 4 | | | 100000 | ക്ഷീരസമൃദ്ധി | 100000 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | | 591800 | ലൈഫ് ഭവന പദ്ധതി എസ് സ് പി | 591800 | 0 |
| 6 | | | 12044 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 12044 |
| 7 | | | 80000 | ന്യൂലൈഫ് സമഗ്ര കോളനി വികസനം | 80000 | 0 |
| 8 | | | 712500 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 712500 | 0 |
| 9 | | | 400000 | ക്ഷീരസമൃദ്ധി | 400000 | 0 |

ബ്ലോക്ക് പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1870334 | 956157+156343=1112500 | 2982834 | 1784300 | 1198534 |

ജില്ലാ പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| 3400 | 812500 | 815900 | 812500 | 3400 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം

| പ്രോജക്ട് നം. | സ്ഥാപനം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| 161/22 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 3392681 | 0 | 3392681 |
| 164/22 തെരുവു വിളക്കുകൾക്കായി വൈദ്യുതിലൈൻ നീട്ടൽ | കെ എസ് ഇ ബി | 2054800 | 0 (166190/-രൂപയുടെ UC 2022-23 ൽ ലഭ്യമായിട്ടുണ്ട്) | 2054800 |
| 46/22 വിവിധ വാർഡുകളിൽ വൈദ്യുതിലൈൻ നീട്ടൽ | കെ എസ് ഇ ബി | 363841 | 0 | 363841 |
| | ആകെ | 58,11,322 | 0 | 58,11,322 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| സ്ഥാപനം | മുൻ ബാക്കി (2020-21 AFS പ്രകാരം) | മുൻകൂർ നൽകിയ തുക | ആകെ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 19181226 | 3392681 | 22573907 | 0 | 19181226* |
| കെ എസ് ഇ ബി | 13468474 | 2418641 | 15887115 | 0 | 15887115 |

* AFS ലെ നീക്കിയിരിപ്പ് തുകയിൽ തൻവർഷം നൽകിയ തുക ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ തുക കൂടി ഉൾപ്പെടുത്തി AFS ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ /വായ്പാതിരിച്ചടവ്

2021-2022 സാമ്പത്തിക വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷികക്കുന്ന വായ്പ തുകയുടെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തുക മുതൽ | തിരിച്ചടച്ച പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) | സ ഉ(സാ ഉ) 5208/2021 /ധവ.തീയതി 30.07.2021 സഉ (സാഉ) 3307/2021/ധവ. തീയതി 07.04.2021,സ ഉ (സാഉ) 22/2022 | | 44573980 | 3969001 | | 405259980 |

| | | | | | | | |
|---|---|---|---|---|---|---|---|
| | /ധവ.തീയതി 01.01.2022 | | | | | | |
| ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (SCP) | സ ഉ(സാ ഉ) 5208/2021 /ധവ.തീയതി 30.07.2021 സഉ (സാഉ) 3307/2021/ധവ. തീയതി 07.04.2021,സ ഉ (സാഉ) 22/2022 /ധവ.തീയതി 01.01.2022 | | | 3519999 | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 52657802 |
| ഓഡിറ്റ് വർഷത്തെ വരവ് | 140708447 |
| ആകെ | 193366249 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 147215242 |
| നീക്കിയിരിപ്പ് | 46151007 |
| വരവിനങ്ങളുടെ നഷ്ടം | 0 |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28562 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13908425 |

(ബി) പഞ്ചായത്ത ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 3-1 | 28562 | ജയന്തി .എസ്, സെക്രട്ടറി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-20 | 3392681 | ലാൽസിംഗ് .എസ്, സെക്രട്ടറി |
| 1-20-1 | 2252451 | 804942/- ജയന്തി .എസ്, സെക്രട്ടറി<br>1447509/- ലാൽസിംഗ് .എസ്, സെക്രട്ടറി |
| 1-20-2 | 8263293 | ജയന്തി .എസ്, സെക്രട്ടറി |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നനിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ലാൽസിംഗ് .എസ്, സെക്രട്ടറി | -- | പ്രിയഭവൻ, പുതുച്ചിയിൽ, കുടപ്പനക്കുന്ന് |
| 2 | ജയന്തി .എസ്, സെക്രട്ടറി | -- | അനാമിക, ഗ്രീൻവാലി, വഴയില, കരകുളം .പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 01 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 4 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 7 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ ജി .പി6/2426/2018 തീയതി 06.04.2019 | 20 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ ജി .പി6/343/2022 തീയതി 16.02.2023 | 20 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ ജി .പി6/947/2021 തീയതി 02.07.2021 | 59 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ ജി .പി6/735/2022 തീയതി 08.06.2022 | 53 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്